മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*181)

**പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിലെ കേരളത്തിന്റെ സ്ഥാനം**

1(*181) ശ്രീ. പി. സി. വിഷ്ണുനാഥ് ചുമതലപ്പെടുത്തിയതുപ്രകാരം
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീതി ആയോഗ് 2025-ൽ പുറത്തിറക്കിയ 2023-ലെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിൽ 18 പ്രധാന സംസ്ഥാനങ്ങളുടെ പട്ടികയിൽ ഏറ്റവും പിന്നിലുള്ള 4 സംസ്ഥാനങ്ങളിലൊന്നാണ് കേരളം എന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) ധനവിനിയോഗത്തിലെ കാര്യക്ഷമത, വരുമാന സമാഹരണം, സാമ്പത്തിക അച്ചടക്കം, വായ്പയും സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനവും തമ്മിലുള്ള അനുപാതം, കടം താങ്ങാനുള്ള പരിധി തുടങ്ങിയ മിക്ക സൂചികകളിലും മറ്റു സംസ്ഥാനങ്ങൾക്ക് പിന്നിലായതിനുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ-സി) നീതി ആയോഗ് 2025-26-ൽ പുറപ്പെടുവിച്ച 2023-ലെ പ്രഥമ സാമ്പത്തിക ഭദ്രതാ സൂചികയിൽ ചെലവുകളുടെ ഗുണനിലവാരം, റവന്യൂ സമാഹരണം, സാമ്പത്തിക വിവേകം, കടം സൂചിക, കടം സുസ്ഥിരത എന്നീ 5 സൂചകങ്ങളിലൂടെ മാത്രമാണ് സംസ്ഥാനങ്ങളെ വിലയിരുത്തുന്നത്.

ടി റിപ്പോർട്ടിൽ വിവിധ മേഖലകളിൽ കേരളം നേടിയ പുരോഗതിയും സൂചിപ്പിക്കുന്നുണ്ട്.

1) ആരോഗ്യ മേഖലയിൽ കേരളത്തിന്റെ ചെലവ് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്.

2) റിപ്പോർട്ട് കാലയളവിൽ കേരളത്തിന്റെ തനത് വരുമാന വളർച്ച കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 26.5 ശതമാനമാണ്. ഇത് കഴിഞ്ഞ അഞ്ച് വർഷത്തെ സംയുക്ത വാർഷിക വളർച്ച നിരക്കായ (CAGR) 7.31 ശതമാനത്തേക്കാൾ ഉയർന്ന് നിൽക്കുന്നതാണ്.

3) റിപ്പോർട്ട് കാലയളവിൽ നികുതിയേതര വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 44.5 ശതമാനം വളർച്ചയാണ് ഉണ്ടായിട്ടുള്ളത്.

4) റവന്യൂ കമ്മി 3.3 ശതമാനത്തിൽനിന്നും 0.9 ശതമാനമായും ധനക്കമ്മി 5 ശതമാനത്തിൽനിന്ന് 2.5 ശതമാനമായും റിപ്പോർട്ട് കാലയളവിൽ കുറഞ്ഞിട്ടുണ്ട്.

ദേശീയ അന്തർദേശീയ തലങ്ങളിലുള്ള സാമ്പത്തിക രംഗത്തെ മാറ്റങ്ങൾ കേരളത്തിന്റെ സാമ്പത്തിക ഘടനയേയും സ്വാധീനിച്ചിട്ടുണ്ട്. 2016-17-ലെ നോട്ട് നിരോധനം, 2017-18-ലെ ജി.എസ്.ടി. നടപ്പാക്കിയതിലെ പ്രശ്നങ്ങൾ, 2018-19-ലെ ഓഖി ചുഴലിക്കാറ്റും അത്യപൂർവമായ വെള്ളപ്പൊക്കവും, 2019-20-ലെ പ്രകൃതിക്ഷോഭങ്ങളും വെള്ളപ്പൊക്കത്തിന്റെയും തുടർച്ച, 2020-21-ലെ കൊവിഡ്-19 മഹാമാരിയുടെ പൊട്ടിപുറപ്പെടൽ, 2021-22-ലെ കൊവിഡ് മഹാമാരിയുടെ വ്യാപനവും പ്രത്യാഘാതങ്ങളും 2022-23-ൽ കേന്ദ്ര സർക്കാർ സംസ്ഥാന കടമെടുപ്പിൽ കൊണ്ടുവന്ന നിയന്ത്രണങ്ങൾ, റഷ്യ-ഉക്രെയ്ൻ യുദ്ധം, മദ്ധ്യ പൂർവേഷ്യയിലെ സംഘർഷങ്ങൾ, ആഗോള സമ്പദ്‌വ്യവസ്ഥയിൽ പ്രതിഫലിച്ച തളർച്ച എന്നിവ സംസ്ഥാന സമ്പദ്‌വ്യവസ്ഥയെയും വിഭവങ്ങൾ

സമാഹരിക്കാനുള്ള സംസ്ഥാനത്തിന്റെ കഴിവിനെയും പ്രതികൂലമായി ബാധിച്ചു.

കേന്ദ്ര സർക്കാരിന്റെ സമീപകാല നയപരിപാടികൾ പൊതുവെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് ഭീഷണി ഉയർത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 2022 ജൂണിൽ ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയത് സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഇടിവുണ്ടാക്കി. ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുന്നതിലൂടെയുള്ള വാർഷിക നഷ്ടം ഏകദേശം 12,000 കോടി രൂപയാണ്. കേരളത്തിന് അവകാശപ്പെട്ട, പങ്കിടാവുന്ന നികുതി തുടർച്ചയായി കുറയുന്നു. തിരശ്ചീന വികേന്ദ്രീകരണത്തിന്റെ വിഭജിക്കാവുന്ന പൂളിന്റെ വിഹിതം 11-ാം ധനകാര്യ കമ്മീഷനിൽ 3.06 ശതമാനവും 14-ാം ധനകാര്യ കമ്മീഷനിൽ 2.5 ശതമാനവും ആയിരുന്നത് 15-ാം ധനകാര്യ കമ്മീഷനിൽ 1.925 ശതമാനമായി കുറഞ്ഞു. സംസ്ഥാനങ്ങളുമായി കൂടിയാലോചിക്കാതെ, കേന്ദ്ര സർക്കാർ സെസും സർചാർജ്ജുകളും വർധിപ്പിക്കുന്നു. ഇത്തരം അധിക നികുതി ചുമത്തലുകൾ സംസ്ഥാനങ്ങളുമായി പങ്കിടുന്നുമില്ല.

സർചാർജ്ജുകളുടെയും സെസ്സുകളുടെയും വർധിച്ചുവരുന്ന വിഹിതം ഡിവിസിബിൾ പൂളിലെ നികുതികൾ ചുരുങ്ങുന്നതിന് കാരണമായി.

15-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്യുന്ന റവന്യൂ ഡെഫിസിറ്റ് ഗ്രാന്റുകൾ 2023-24-ൽ അവസാനിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കേന്ദ്ര സർക്കാർ കൊണ്ടുവന്ന മാറ്റങ്ങൾ സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത സൃഷ്ടിച്ചിരിക്കുന്നു. നിലവിൽ, കേന്ദ്രാവിഷ്കൃത സ്കീമുകൾ " കോർ ഓഫ് ദ കോർ, 'കോർ' എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലാണുള്ളത്. ആദ്യ വിഭാഗത്തിലെ സ്കീമുകളുടെ എണ്ണം കുറഞ്ഞുവരുന്നു. കേന്ദ്ര വിഹിതം ഓരോ വർഷവും കുറയുകയാണ്. പദ്ധതികളുടെ സിംഹഭാഗവും രണ്ടാമത്തേതാണ്. ഈ പദ്ധതികളുടെ 40 ശതമാനം സംസ്ഥാനം വഹിക്കണം. ദേശീയപാതാ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ ഇരുപത് ശതമാനം തുക സംസ്ഥാനമാണ് വഹിക്കുന്നത്. ജനസാന്ദ്രതയും നഗരവൽക്കരണവും വർധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് ഈ പ്രവർത്തനങ്ങൾക്ക് വേണ്ടി കൂടുതൽ തുക കണ്ടെത്തേണ്ടിവരുന്നു. ഈ പ്രതിബന്ധങ്ങൾക്കിടയിലും മെച്ചപ്പെട്ട നികുതി പിരിവിലൂടെയും ചെലവ് ചുരുക്കൽ നടപടികളിലൂടെയും വളരാനും അഭിവൃദ്ധി പ്രാപിക്കാനും ക്ഷേമ-

വികസന പ്രവർത്തനങ്ങളോടുള്ള പ്രതിബദ്ധത നിലനിർത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

കടമെടുക്കൽ ശേഷി ഉൾപ്പെടെ വിവിധ വരുമാന മാർഗങ്ങളിലൂടെ സമ്പദ്‌വ്യവസ്ഥയെ സർക്കാർ പിന്തുണയ്ക്കുന്നു. സംസ്ഥാനത്തിന്റെ തനത് വരുമാനം ഉയർന്നപ്പോൾ മുൻവർഷത്തെ അപേക്ഷിച്ച് കേന്ദ്ര കൈമാറ്റം കുറഞ്ഞു. ഫിസ്കൽ റെസ്പോൺസിബിലിറ്റി ആൻഡ് ബജറ്റ് മാനേജ്മെന്റ് (എഫ്.ആർ.ബി.എം.) ആക്റ്റ് പ്രകാരം, 2022-23-ൽ 2.5 ശതമാനവും 2023-24-ൽ 2.99 ശതമാനവും എന്ന സ്വീകാര്യമായ പരിധിക്കുള്ളിൽ ധനക്കമ്മി മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദന (ജി.എസ്.ഡി.പി.) അനുപാതത്തിൽ നിലനിർത്തിയിട്ടുണ്ട്. 2023-24-ൽ മുൻവർഷത്തെ അപേക്ഷിച്ച് പദ്ധതി ചെലവിൽ 1560.53 കോടി രൂപയുടെ വർധനവും പദ്ധതിയേതര ചെലവിൽ 752.92 കോടി രൂപയുടെ കുറവും ഉണ്ടായിട്ടുണ്ട്.

ശക്തമായ വരുമാന വർധന നടപടികൾ കാരണം 2023-24-ൽ മുൻ വർഷത്തെ അപേക്ഷിച്ച് നികുതി നികുതിയേതര വരുമാനത്തിൽ യഥാക്രമം 2360.50 കോടി രൂപയും 1228 കോടി രൂപയും വർധന ഉണ്ടായിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം നേരിട്ട പ്രധാന വെല്ലുവിളി

കേന്ദ്രസർക്കാരിൽ നിന്നുള്ള ഗ്രാന്റ്-ഇൻ-എയ്ഡിൽ 15,309.60 കോടി രൂപയുടെ കുറവുണ്ടായതാണ്. കേരളത്തിന്റെ തനത് മാതൃക ഉയർത്തിപിടിക്കാൻ, ഒരു വശത്ത് മതിയായ വിഭവ അടിത്തറയും മറുവശത്ത് ക്ഷേമ രാഷ്ട്രം ഉറപ്പുനൽകുന്നതിനും ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിനും ആവശ്യമായ വിഭവങ്ങളുടെ വിവേകപൂർണ്ണമായ വിതരണവും സംസ്ഥാനം നിലനിർത്തേണ്ടതുണ്ട്.

കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023-ലെ മൾട്ടി ഡൈമെൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി (സ്കോർ 0.002) തുടർച്ചയായി രണ്ടാമതും കേരളം തിരഞ്ഞെടുക്കപ്പെട്ടു. സംസ്ഥാനങ്ങളിൽ ഏറ്റവും കുറഞ്ഞ ദാരിദ്ര്യം രേഖപ്പെടുത്തിയിട്ടുള്ളത് കേരളത്തിലാണ്. 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ് 2023-24 ൽ' തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. ലക്ഷ്യം 2 (വിശപ്പുരഹിതം, സ്കോർ 84), ലക്ഷ്യം 4 (ഗുണനിലവാരമുള്ള വിദ്യാഭ്യാസം, സ്കോർ 82) എന്നിവയിൽ കേരളമാണ് ഏറ്റവും മുന്നിലുള്ള സംസ്ഥാനം. കേന്ദ്ര

സർക്കാർ അംഗീകരിച്ച സുസ്ഥിര വികസന ലക്ഷ്യങ്ങളിൽ ഭൂരിഭാഗവും കേരളം ഇതിനോടകംതന്നെ നേടിയിട്ടുണ്ട്. ഇന്ത്യ സ്കിൽസ് റിപ്പോർട്ട് 2024- ൽ തൊഴിൽ ചെയ്യാൻ താൽപര്യമുള്ള സ്ത്രീകളും പുരുഷന്മാരും ജോലി ചെയ്യാൻ ഏറ്റവും ഇഷ്ടപ്പെടുന്ന സംസ്ഥാനമായി കേരളത്തെ കണ്ടെത്തിയിരിക്കുന്നു. 'സ്റ്റേറ്റ് ബിസിനസ്സ് റിഫോംസ് ആക്ഷൻ പ്ലാൻ (SBRAP) 2022 അനുസരിച്ച് കേരളം മുപ്പതിൽ ഒൻപത് പരിഷ്കരണ രംഗങ്ങളിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ചവച്ചതായി അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഏറ്റവും അധികം രംഗങ്ങളിൽ മുന്നിലെത്തിയതും കേരളമാണ്. കേരളം 2023-24-ലും ശക്തമായ വളർച്ച കൈവരിക്കുന്നത് തുടർന്നു. 2023-24-ൽ സംസ്ഥാന സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ച കൈവരിച്ചു. 2022-23-ലെ 2.2 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ഡി.പി. 6.5 ശതമാനം (ത്വരിത കണക്കുകൾ) വളർച്ച നേടി. 2011-12-ലെ സ്ഥിര വിലകൾ അടിസ്ഥാനപ്പെടുത്തി നോക്കിയാൽ 2022-23-ൽ 5.3 ശതമാനമായിരുന്ന മൊത്ത സംസ്ഥാന മൂല്യവർധന (ജി.എസ്.വി.എ.) 2023-24-ൽ 7.2 ശതമാനമായി വർധിച്ചു. കേരളം ഉയർന്ന പ്രതിശീർഷ മൊത്ത സംസ്ഥാന ആഭ്യന്തര ഉൽപാദനമുള്ള ഇന്ത്യയിലെ മികച്ച പത്ത്

സംസ്ഥാനങ്ങളിൽ ഒന്നാണ്. 2023-24-ൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ ജി.എസ്.ഡി.പി. (സ്ഥിര വിലയിൽ) 5.5 ശതമാനം വർധിച്ച് 1,76,072 രൂപയായി. ദേശീയ ശരാശരി 1,24,600 രൂപയായിരിക്കുമ്പോഴാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ ഒരു വ്യക്തിയുടെ ശരാശരി വരുമാനം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികളുടെ ഫലമായാണ് മേൽ നേട്ടങ്ങൾ കൈവരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഈ ചോദ്യമുന്നയിക്കാൻ കാരണം ബഹുമാനപ്പെട്ട മന്ത്രി ബജറ്റ് പ്രസംഗത്തിന്റെ ആദ്യ ഭാഗത്തിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയും സാമ്പത്തിക പെർഫോമൻസും കഴിഞ്ഞ കാലങ്ങളിൽനിന്നും വളരെ മെച്ചപ്പെട്ട നിലയിലാണെന്നും ബജറ്റുമായി ബന്ധപ്പെട്ട ചർച്ചയിൽ മുഴവൻ നീതി ആയോഗിന്റെ, അല്ലെങ്കിൽ കേന്ദ്ര സർക്കാരിന്റെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ടാണ് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിരതയെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നത്. എന്നാൽ നീതി ആയോഗിന്റെ Fiscal Health Index 2025 റിപ്പോർട്ട് അനുസരിച്ച് ‘ Kerala ranked among worst-performing states in Niti

Aayog' s fiscal health index' . ഇത് ഞങ്ങൾ പറയുന്നതല്ല, ഈ സർക്കാർ നിരന്തരം നീതി ആയോഗിനെ depend ചെയ്യുന്നതുകൊണ്ടാണ് ഇവിടെ ഇത് പറയുന്നത്. നീതി ആയോഗ് പറഞ്ഞിരിക്കുന്നത് സാമ്പത്തികശേഷി നോക്കുമ്പോൾ ഒറീസ മികച്ച പെർഫോമൻസ് നടത്തിയപ്പോഴും കേരളം ഏറ്റവും മോശം പ്രകടനം കാഴ്ചവച്ച സംസ്ഥാനങ്ങളിലൊന്നാണെന്നാണ്. നീതി ആയോഗിന്റെ കണ്ടെത്തലിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ദയവായി ചോദ്യത്തിലേക്ക് വരൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, നീതി ആയോഗ് കണ്ടെത്തിയ, കേരളം മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാത്ത മേഖലകളെ മെച്ചപ്പെടുത്താൻവേണ്ടി ബജറ്റിലും നിർദേശങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ അവശ്യ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സംസ്ഥാന ബജറ്റിന്റെ ആദ്യ ഭാഗത്ത് കേരളം വലിയൊരു പ്രതിസന്ധി ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നതെങ്കിലും പ്രത്യാശയുടെ കിരണങ്ങൾ ഉണ്ടെന്നും കേരള

സമ്പദ്ഘടനയിൽ ഒരു ടേക്ക് ഓഫിന് സാധ്യതയുണ്ടെന്നുമാണ് പറയുന്നത്. ബജറ്റാണെങ്കിലും കണക്കുകളാണെങ്കിലും വെറുതെ ഒരു രാഷ്ട്രീയ പ്രസംഗം നടത്താനുള്ളതല്ല. ഇവിടെ പറഞ്ഞത് കണക്കുകളാണ്. നീതി ആയോഗിന്റെ 'ഫിസ്കൽ ഹെൽത്ത് ഇൻഡക്സ് 2025' എന്നത് 2014 മുതൽ 2023 വരെയുള്ള, കോവിഡ് കാലം ഉൾപ്പെടെയുള്ള ഒൻപത് വർഷത്തെ കണക്കുകളാണ്. ആ കാലത്തിന് ഒരു സവിശേഷതയുണ്ട്, ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നതിനുശേഷമുള്ള ഒൻപത് വർഷമാണത്. ഇവിടെ പറഞ്ഞ ഒരു കാര്യം കേരള സമ്പദ്ഘടനയ്ക്ക് ടേക്ക് ഓഫ് ഉണ്ടോ, അത് മുന്നോട്ടുപോകുന്നുണ്ടോ എന്നാണ്. ഒന്നാം പിണറായി സർക്കാരിന്റെയും അതിന് മുമ്പുള്ള കണക്കുകളും അതിൽ സൂചിപ്പിച്ചിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരാണ് കോവിഡ് സമയത്തുണ്ടായിരുന്നത്. അതിന് മുമ്പുള്ള സർക്കാരിനേക്കാൾ ചെലവ് നടത്തുകയും കോവിഡിനെ നേരിടാൻ ഏറ്റവും കൂടുതൽ ചെലവ് നടത്തുകയും ചെയ്ത സർക്കാരാണ് ഒന്നാം പിണറായി സർക്കാർ. 1,15,000 കോടി രൂപയിലധികമാണ് ഒരു വർഷം ശരാശരി ചെലവഴിച്ചത്. ഈ പ്രതിസന്ധി ഘട്ടത്തെത്തുടർന്ന് കേന്ദ്രം എല്ലാം വെട്ടിക്കുറച്ച സാഹചര്യത്തിൽവന്ന പിണറായി സർക്കാർ 1,64,000 കോടി

രൂപയാണ് വാർഷിക ചെലവ് നടത്തിയത്. കഴിഞ്ഞ മൂന്ന് വർഷം പണം അല്പംപോലും അധികം ചെലവാക്കാൻ കഴിയാത്ത സ്ഥിതിയിൽ 159000, 160000 കോടി രൂപ എന്ന നിലയിലായിരുന്നു ചെലവെങ്കിൽ ഈ വർഷം മാർച്ച് അവസാനമാകുമ്പോൾ 1,78,000 കോടി രൂപ ചെലവഴിക്കാൻ സാധിക്കുന്നതാണ്. മൂന്ന് വർഷക്കാലം 1,60,000 കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത് 1,78,000 കോടി രൂപ ചെലവഴിക്കുന്നു എന്നുപറഞ്ഞാൽ 18,000 കോടി രൂപ അധികമായി ചെലവാക്കുന്നു എന്നതാണ്. അതൊരു പോസിറ്റീവായ ലക്ഷണമല്ലേ. എന്നുമാത്രമല്ല, അടുത്ത വർഷത്തെ കേരള ബജറ്റ് ചരിത്രത്തിലാദ്യമായി 2 ട്രില്യൺ, അതായത് രണ്ട് ലക്ഷം കോടി രൂപ കടക്കുന്ന ഒരു ബജറ്റാകും എന്ന നിലയിലാണ് നാം മുന്നോട്ടുപോകുന്നത്. ഇത് പ്രധാനപ്പെട്ട കാര്യമല്ലേ?

നീതി ആയോഗിന്റെ റിപ്പോർട്ടിന്റെ 23-ാം പേജിൽ പറയുന്നത് ‘ States like Punjab, Kerala and West Bengal are aspirational states that have consistently faced fiscal challenges over the past nine years.’ പഞ്ചാബിൽ നേരത്തെ കോൺഗ്രസാണ് ഭരിച്ചിരുന്നത്. ഇവ മൂന്നും പ്രതിപക്ഷ പാർട്ടികൾ ഭരിക്കുന്ന സംസ്ഥാനങ്ങളാണ്. ഇത് മൂന്നും കഴിഞ്ഞ

ഒൻപത് വർഷങ്ങളായി വലിയ fiscal challenges നേരിടുന്നു. ‘ These states face high debt, large interest payments....’ തുടങ്ങി ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. അതിലെ രാഷ്ട്രീയവശം അങ്ങേയ്ക്കും ഈ സഭയ്ക്കും മനസ്സിലായിക്കാണും. Quality of Expenditure-നെക്കുറിച്ച് 52-ാമത്തെ പേജിൽ പറയുന്നത് "In terms of social sector spending, Kerala’ s allocation for health and family welfare in 2022-23 was 6.4% of Total Expenditure, higher than the average of 5.6% of other major states....” ഇന്ത്യയിലെ ശരാശരി ഒരു സംസ്ഥാനം 5.6% ചെലവാക്കുമ്പോൾ കേരളം 6.4% ചെലവാക്കുന്നുവെന്ന് ഈ റിപ്പോർട്ടിൽതന്നെ പറയുന്നുണ്ട്. അത് വളരെ വലിയൊരു നേട്ടമല്ലേ. വലിയ തോതിൽ വിദ്യാഭ്യാസത്തിന് പണം ചെലവഴിക്കുന്നുവെന്നതാണ് അടുത്ത വാചകം. ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും കേരളം കൂടുതൽ തുക ചെലവഴിക്കുന്നുവെന്ന് ഈ റിപ്പോർട്ടുതന്നെ പറയുന്നു. റവന്യൂ മൊബിലൈസേഷന്റെ കാര്യംകൂടി പറയേണ്ടതുണ്ട്. ‘ During 2022-23, Own-Revenues of the State recorded a growth rate of 26.5% as compared to the previous year and a CAGR of 7.3% in last 5 years.’

2022-23 കാലയളവിൽ 26.5% വളർച്ചയെന്നുപറഞ്ഞാൽ അത് ഇന്ത്യയിലെ റിക്കോർഡ് വളർച്ചയാണ്. ' Own Tax Revenues increased by 23.3% and constituted 54.2% of the Revenue Receipts.' അതും ഒരു റിക്കോർഡ് തന്നെയാണ്. ' Major contributions came from the State Goods and Services Tax, Taxes on Sales and Trade.' അടുത്ത വാചകം ' Kerala is prioritising resource mobilisation for economic recovery and development with reforms focused on tax revision and modernization of the GST department.' അതൊരു അംഗീകാരമായി റിപ്പോർട്ടിൽ എടുത്തുപറഞ്ഞിരിക്കുകയാണ്. ' In 2022-23, the total State' s Own Non-Tax Revenue (SONTR) reflected a substantial growth rate of 44.5% over the previous year and CAGR of 5% in last 5 years. Receipts from State Lotteries are the primary source of Non-Tax Revenue for the state.' 2021-ൽ 54,000 കോടി രൂപയായിരുന്നു. എന്നാൽ ഈ വർഷം പ്രതീക്ഷിക്കുന്നത് 1,03,000 കോടി രൂപയാണ്. ഇത് ഈ സംസ്ഥാനത്തിന് ചെലവാക്കാൻ നമ്മുടെ ഖജനാവിലേക്ക് വന്നതാണ്. അല്ലാതെ ഞങ്ങളുടെ ഒന്നും പേഴ്സണൽ ഖജനാവിലേക്കല്ല ഇത് വന്നത്.

54,000 കോടി രൂപയിൽനിന്നും 1,03,000 കോടി രൂപയിലേക്ക് ഈ നാല് വർഷംകൊണ്ട് കേരളത്തിന്റെ വരുമാനം വർധിച്ചുവെന്നുള്ളത് അഭിമാനത്തോടുകൂടി പറയുകയാണ്. ഈ ചോദ്യം വന്നത് നന്നായി, അതുകൊണ്ടാണ് ഇത്തരം കാര്യങ്ങൾ പരസ്പരം മനസ്സിലാക്കാൻ അവസരമുണ്ടായത്.

ഡോ. മാത്യു കുഴൽനാടൻ: സർ, Without offence, ബഹുമാന്യരായ മന്ത്രിമാർ പലപ്പോഴും ഇവിടെ നടത്തുന്ന സ്റ്റേറ്റ്മെന്റും ഇപ്പോൾ അങ്ങ് പറഞ്ഞ കേരളം വിദ്യാഭ്യാസ രംഗത്ത് എല്ലാവരെക്കാളും പണം ചെലവഴിക്കുന്നുവെന്നത് സംബന്ധിച്ചാണ്. If I am wrong I will correct myself. ഞാൻ തെറ്റ് തിരുത്താം. ദേശീയ ശരാശരിയെക്കാളും താഴെയാണ് നമ്മൾ ചെലവഴിക്കുന്നതെന്ന് ഞാൻ ആധികാരികമായി പറയുന്നു. മന്ത്രിയെന്ന നിലയിൽ താങ്കൾ ഇവിടെനിന്ന് We are above all states എന്ന് പറയുകയാണ്. ഒന്നുകിൽ താങ്കൾക്ക് ലഭിക്കുന്ന വിവരങ്ങളുടെ പ്രശ്നമായിരിക്കും. എന്റെ തെറ്റാണെങ്കിൽ........

മി. സ്പീക്കർ: ചോദ്യം....... ചോദ്യം......

ഡോ. മാത്യു കുഴൽനാടൻ: സർ, ചെറിയൊരു കാര്യംപോലും പറയാൻ

സാധിക്കില്ലെങ്കിൽ എന്ത് ചെയ്യാൻ .........

മി. സ്പീക്കർ: ഡോ. മാത്യു കുഴൽനാടൻ ചോദ്യത്തിലേക്ക് വരൂ........ചോദ്യത്തിനുള്ള സമയം മാത്രമേ അനുവദിക്കാൻ കഴിയൂ. സ്റ്റേറ്റ്മെന്റ് നടത്താൻ സാധിക്കില്ല......

ഡോ. മാത്യു കുഴൽനാടൻ: സർ, മുപ്പത് സെക്കന്റാണ്.

മി. സ്പീക്കർ: മുപ്പത് സെക്കന്റിനുള്ളിൽ ചോദ്യം ചോദിക്കണം. നാൽപ്പത്തിയഞ്ച് സെക്കന്റ് അനുവദിക്കുന്നുണ്ട്. നിങ്ങളുടേത് പ്രസംഗം അല്ല. അക്കാര്യം ഡിമാൻഡ് ചർച്ചയിൽ പറഞ്ഞോളൂ. ചോദ്യത്തിലേക്ക് വരൂ.

ഡോ. മാത്യു കുഴൽനാടൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഒരു കാര്യം കറക്ട് ചെയ്യുന്നതിനുവേണ്ടി പറഞ്ഞതല്ലേ. അദ്ദേഹം പറഞ്ഞത് ശരിയാണോ തെറ്റാണോയെന്ന് പരിശോധിക്കാനാണ് ഞാൻ ആവശ്യപ്പെടുന്നത്. ഈ ചോദ്യത്തിന് സഭയിൽ മറുപടി പറഞ്ഞില്ലെങ്കിൽ, മറുപടി മേശപ്പുറത്ത് വയ്ക്കുകയെങ്കിലും ചെയ്യണം. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങൾക്കും ജി.എസ്.ടി. കോമ്പൻസേഷൻ കേന്ദ്ര സർക്കാർ നിർത്തലാക്കിയില്ലേ; ഏതെങ്കിലും സംസ്ഥാനങ്ങൾക്ക് ഈ കാലഘട്ടത്തിനുശേഷം ലഭിക്കുന്നുണ്ടോ? രണ്ട്, പതിനൊന്നാം ധനകാര്യ

കമ്മീഷൻ......

മി. സ്പീക്കർ: ഒരു ചോദ്യം ചോദിക്കാനേ സാധിക്കുകയുള്ളൂ. ഡോ. മാത്യു കുഴൽനാടന് ചോദിക്കാനുള്ള എല്ലാ ചോദ്യങ്ങളും ചോദ്യോത്തരവേളയിലല്ല ചോദിക്കേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി......

ഡോ. മാത്യു കുഴൽനാടൻ: ഒരു കാര്യംകൂടി ചോദിക്കാനുണ്ട്....... പ്ലീസ്......പ്ലീസ്.....

മി. സ്പീക്കർ: നോ.... ബഹുമാനപ്പെട്ട മന്ത്രി........ അങ്ങ് മറുപടി പറയൂ......ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയൂ.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേരളത്തിലെ വിദ്യാഭ്യാസ കാര്യത്തെ സംബന്ധിച്ചാണ് അദ്ദേഹം ചോദിച്ചത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസത്തിന് എഫക്റ്റീവായും ഹെൽത്തിയായും പണം ചെലവഴിക്കുന്ന സംസ്ഥാനം കേരളമാണ്. അതുസംബന്ധിച്ച് ഒരുദാഹരണം പറയാം. എയ്ഡഡ്, ഗവൺമെന്റ് മേഖലകളിലായി 13500 പൊതുസ്കൂളുകളുള്ള കേരളത്തിനെ അതുപോലെത്തന്നെ ജനസംഖ്യയും പരമാവധി സ്കൂളുകളുമുള്ള തെലങ്കാനയുമായാണ് താരതമ്യം ചെയ്യാൻ സാധിക്കുന്നത്. അവിടെ 6500 സ്കൂളുകളാണുള്ളത്. ഏകദേശം

കേരളത്തിന്റേതുപോലെയുള്ള സോഷ്യൽ ലൈഫ് നയിക്കുന്ന തെലങ്കാനയിൽ 6500 സ്കൂളുകളുള്ളപ്പോൾ കേരളത്തിൽ 13500 സ്കൂളുകളുണ്ട്. കോളേജിന്റെ കാര്യം എടുത്താലും ഇതുപോലെ നിരവധി താരതമ്യങ്ങളുണ്ട്. എഫക്ടീവായിട്ടുള്ള എഡ്യൂക്കേഷൻ എക്സ്പെൻഡിച്ചർ നടത്തുന്ന സംസ്ഥാനമാണ് കേരളം. ബാക്കി ചോദ്യങ്ങൾ വരുന്നതിനനുസരിച്ച് മറുപടി പറയാം.

ശ്രീ. എം. വിൻസെന്റ്: സർ, ചോദ്യങ്ങൾക്ക് സമയം നിശ്ചയിക്കുമ്പോൾ ഉത്തരങ്ങൾക്കുകൂടി സമയം........

മി. സ്പീക്കർ: ഇങ്ങനെ പറഞ്ഞാൽ ശരിയാകുകയില്ല. ഇത് പ്രസംഗമല്ല. അങ്ങനെയാണെങ്കിൽ ഡിമാൻഡ് ചർച്ചയിൽ പറയൂ.

ശ്രീ. എം. വിൻസെന്റ്: സർ, ഉത്തരങ്ങൾക്കുകൂടി സമയം നിശ്ചയിക്കുന്നത് നല്ലതായിരിക്കുമെന്ന നിർദേശം ഞാൻ പറഞ്ഞെന്നേയുള്ളൂ.

മി. സ്പീക്കർ: ചോദ്യമാണോ ഉത്തരമാണോ കൂടുതലായി പറയാനുണ്ടാകുക?

ശ്രീ. എം. വിൻസെന്റ്: സർ, എഫ്.ആർ.ബി.എം. ആക്റ്റ്പ്രകാരം

സംസ്ഥാനങ്ങൾക്ക് അവരുടെ സഞ്ചിതകടം ജി.എസ്.ഡി.പി.-യുടെ 29 ശതമാനത്തിൽ ലിമിറ്റ് ചെയ്യണമെന്നാണ്. ഈ വർഷത്തെ ബജറ്റ് ഇൻ ബ്രീഫിലും അത് 33.77 ശതമാനമാണ്. നിങ്ങളുടെ രണ്ട് ഗവൺമെന്റുകളുടെ ഭരണകാലത്തിൽ ഒരു വർഷം ഒഴിച്ച് ബാക്കിയെല്ലാവർഷവും ആ പരിധി വർധിക്കുകയാണുണ്ടായത്. യു.ഡി.എഫ്.-ന്റെ അഞ്ച് വർഷത്തെ ഭരണകാലത്ത് 29 ശതമാനത്തിൽ നിലനിർത്താൻ അന്ന് സാധിച്ചിട്ടുണ്ട്.

<u>മി. സ്പീക്കർ</u>: ശ്രീ. എം. വിൻസെന്റ് ചോദ്യത്തിലേക്ക് വരൂ.....

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ സഞ്ചിതകടം ജി.എസ്.ഡി.പി.-യുടെ 29 ശതമാനം കവിഞ്ഞുപോകുന്ന ഏകസംസ്ഥാനം കേരളമാണ്. ഇത് നമ്മുടെ സാമ്പത്തിക സ്ഥിരതയെ ബാധിച്ചിട്ടില്ലേ; സാമ്പത്തിക സ്ഥിരതയെ ബാധിക്കാതെ മുന്നോട്ടുകൊണ്ടുപോകാനും 29 ശതമാനത്തിൽ നിലനിർത്താനും എന്തെല്ലാം നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, സാമ്പത്തിക രംഗത്ത് കേരളത്തിന്റെ കടം വർധിച്ചുവരികയല്ല, കുറഞ്ഞുവരികയാണെന്നത് സംബന്ധിച്ച കണക്കുകൾ നേരത്തെ പറഞ്ഞതാണ്. ആകെയുള്ള കടത്തിന്റെ

ശതമാനനിരക്ക് കുറഞ്ഞുകുറഞ്ഞ് വന്നിരിക്കുന്നുവെന്നതിന്റെ വിശദവിവരങ്ങളുണ്ട്. പ്രതിപക്ഷം പറയുന്ന കണക്കനുസരിച്ച്, കേരളത്തിന്റെ total debt കോവിഡ് സമയത്തായിരുന്നു ഏറ്റവും കൂടുതൽ (38.47 ശതമാനം) വന്നത്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ആ സമയത്ത് total debt ഉയർന്നിരുന്നു. ആ ഉയർന്ന നിരക്കിൽനിന്നും 36-ഉം 35-ഉം ഇപ്പോൾ 34.2 ശതമാനമായി total debt കുറഞ്ഞുവരികയാണ്. Total debt കോവിഡിന്റെ സമയത്ത് വളരെ ഉയർന്നുപോയിട്ട് കഴിഞ്ഞ മൂന്നുവർഷവും കുറഞ്ഞുവന്നുവെന്നത് കണക്കുകളിലെല്ലാം സൂചിപ്പിക്കുന്നുണ്ട്. അതിനെ സംബന്ധിച്ചും കേരളത്തിന്റെ debt management-ന്റെ കാര്യത്തിനകത്തും നല്ലരീതിയിൽ ഇടപെടുന്നുവെന്നത് ഇതുപോലെയുള്ള രേഖയിൽ വന്നിട്ടുണ്ട്.

ശ്രീ. ടി. ജെ. വിനോദ്: സർ, കാര്യക്ഷമമായ ധനവിനിയോഗത്തിന്റെ രണ്ട് സൂചികകളിൽ ഒന്ന്, സംസ്ഥാനത്തിന്റെ മൊത്തം ചെലവിൽ പദ്ധതി ചെലവിന്റെ തോതും മറ്റൊന്ന്, മൂലധന ചെലവുമാണ്. പദ്ധതി ചെലവ് വികസനത്തെ ഊന്നിയുള്ളതാണ്. മൂലധന ചെലവ് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങളും

സംസ്ഥാനത്തിന്റെ വികസനവും ലക്ഷ്യമിട്ടിട്ടുള്ളതാണ്. കൂടാതെ, മൂലധന ചെലവ് സംസ്ഥാനത്തിന്റെ ഭാവിയിലെ വരുമാനം വർധിപ്പിക്കുന്നതിൽ കാര്യമായ പങ്കുവഹിക്കുകയും ചെയ്യും. 2023-24 സാമ്പത്തിക വർഷം മൂലധന ചെലവ് എത്രയായിരുന്നു; ഇത് മൊത്തം സംസ്ഥാന പദ്ധതി അടങ്കലിന്റെ എത്രശതമാനം വരുമെന്ന് വ്യക്തമാക്കാമോ; മുൻവർഷത്തെ അപേക്ഷിച്ച് മൂലധന പദ്ധതി ചെലവുകളുടെ വർധനവുണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ മൂലധന ചെലവിന്റെ കാര്യത്തിൽ 16,787.49 കോടി രൂപയായിരുന്നത് 2023-24-ൽ 16,850 കോടി രൂപയായിട്ടുണ്ട്. അക്കൗണ്ട് ജനറലിന്റെ കണക്കനുസരിച്ചും ഈ വർധനവുണ്ടായിട്ടുണ്ട്. ഇപ്രാവശ്യം ബജറ്റ് രേഖകളിൽ എഫക്ടീവ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ എന്നുപറഞ്ഞ് ക്യാപിറ്റൽ എക്സ്പെൻഡിച്ചറിനകത്ത് പലപ്പോഴും കണക്കുകൂട്ടാത്ത ഭാഗമുണ്ട്. അതിലൊന്ന് KIIFB-ക്ക് കൊടുക്കുന്ന പണം വാസ്തവത്തിൽ ക്യാപിറ്റൽ എക്സ്പെൻഡിച്ചറിലാണ് വരുന്നത്. ബജറ്റിന്റെ ശീർഷകത്തിലല്ല.

അതുപോലുള്ള കാര്യങ്ങൾ എടുത്തുപറയുമ്പോൾ, 2022-23-ൽ ബജറ്റിനകത്ത് ക്യാപിറ്റൽ അക്കൗണ്ടിൽ 16,787 കോടി രൂപയാണ് വരുന്നത്. 2023-24-ൽ 16,850 കോടി രൂപയാണ്. എഫക്ടീവ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ എല്ലാ പ്രിൻസിപ്പളും അനുസൃത കമ്പ്യൂട്ടേഷൻ ഫോർമുല ഉപയോഗിച്ച് കണക്കാക്കി ബജറ്റിൽ കൊടുത്തിട്ടുണ്ട്. അത് 21,634 കോടി രൂപയാണ്. അതിൽ വലിയ വർധനവുണ്ടായിട്ടുണ്ട്. എഫക്ടീവ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ നോക്കിയാൽ ഭാവിയിലേക്ക് ഏറ്റവും കൂടുതൽ നിക്ഷേപവും ഏറ്റവും കൂടുതൽ കാര്യങ്ങളും വരുന്ന തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെല്ലാം ഈ ഘട്ടത്തിൽ നടക്കുന്നുണ്ട്. എഫക്ടീവ് ക്യാപിറ്റൽ എക്സ്പെൻഡിച്ചറും ക്യാപിറ്റൽ എക്സ്പെൻഡിച്ചറും വർധിക്കുകയാണ്.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, കഴിഞ്ഞ തവണ ആമസോണും ഫ്ലിപ്കാർട്ട്-മായി ബന്ധപ്പെട്ട് ഞാനൊരു ചോദ്യം ചോദിച്ചു. അതിന്റെ തുടർച്ചയായിട്ടുള്ള ഒരു ചോദ്യമാണിത്. ജി.എസ്.ടി. രജിസ്ട്രേഷൻ വർധിപ്പിക്കുന്നതിനായി വിവിധ സംസ്ഥാനങ്ങൾ നിരവധി മാർഗങ്ങൾ സ്വീകരിക്കുന്നു. അതിൽ തമിഴ്നാട് യു.പി.ഐ. ഡാറ്റ ട്രാൻസാക്ഷൻ വിശകലനം ചെയ്ത് ജി.എസ്.ടി. രജിസ്ട്രേഷനിലേക്ക് കൊണ്ടുവരുന്നതിന് ഗൗരവമായ നടപടികൾ

സ്വീകരിച്ചു. നിലവിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും ബിഗ് ഡാറ്റയടക്കമുള്ള നിരവധി സംവിധാനങ്ങൾ ലഭ്യമാണ്. കേരളത്തിൽ എത്രത്തോളം നടപടികൾ ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുണ്ട്; എത്ര പുരോഗതിയുണ്ടായിട്ടുണ്ട്; 11-ാം ധനകാര്യ കമ്മീഷനിൽനിന്ന് 14-ാം ധനകാര്യ കമ്മീഷനിലെത്തിയപ്പോൾ ഇന്ത്യയിലെ എത്ര സംസ്ഥാനങ്ങൾക്ക് ഇതിന്റെ വിഹിതത്തിൽ കുറവുവന്നിട്ടുണ്ട്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അദ്ദേഹം ഏറ്റവും അവസാനം ചോദിച്ച ചോദ്യത്തിന് പ്രത്യേകം നോട്ടീസ് നൽകിയാൽ എല്ലാ സംസ്ഥാനങ്ങളുടെയും കണക്കെടുക്കാം. എങ്ങനെയാണ് പുതിയ ടെക്നോളജി ഉപയോഗിച്ച് കാര്യങ്ങൾ ചെയ്യുന്നതെന്നാണ് അദ്ദേഹം ആദ്യം ചോദിച്ചത്. ഇതാദ്യമായി കേരളത്തിന്റെ ഇടപെടൽ കാരണം ഫ്ലിപ്കാർട്ട് അടക്കം എല്ലാതരത്തിലുമുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളും ഓൺലൈൻ സേവനങ്ങളടക്കം പ്രധാനപ്പെട്ട കാര്യങ്ങളും കണക്കുകളും നമുക്ക് നൽകുന്ന തരത്തിലേക്ക് വന്നു. ഇതുവരെ അതിന് ഇ-വേ ബിൽ ഇല്ലായിരുന്നു. ഏറ്റവും പ്രധാനപ്പെട്ട കമ്പനികളെല്ലാം ഇതിനെ റെസിസ്റ്റ് ചെയ്യുകയായിരുന്നു. അവരെ വിളിച്ച് അന്വേഷിക്കുമ്പോൾ ഡാറ്റ നൽകാൻ അവർ

തയ്യാറല്ലായിരുന്നു. ഇക്കാര്യങ്ങൾ നമ്മൾ ജി.എസ്.ടി. കൗൺസിലിൽ അവതരിപ്പിച്ചു. ഇനിയിപ്പോൾ ഇന്ത്യയിലെവിടെനിന്നും ഒരു സാധനം വാങ്ങിച്ച് ഓൺലൈനായി അത് കേരളത്തിലേക്ക് വന്നാൽ കേരളത്തിന്റെ അഡ്രസ് രേഖപ്പെടുത്തി ഇ-വേ ബിൽ പോലെ നൽകണം. അങ്ങനെവരുമ്പോൾ അതിൽനിന്നും വലിയൊരു വരുമാനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ട്. കേരളമാണ് ഈ പ്രശ്നം ഉന്നയിച്ചത്. ദീർഘകാലമായി ജി.എസ്.ടി. കൗൺസിലിൽ ഇക്കാര്യങ്ങൾ അവതരിപ്പിച്ചതിനുശേഷമാണ് ഇതിന് അംഗീകാരം ലഭിച്ചത്. ഇപ്പോൾ അത് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുകൂടാതെ നിരവധി പുതിയ കാര്യങ്ങൾ ഇപ്പോൾ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇന്റലിജൻസിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് സഭയിൽ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കുറെയേറെ കർശനമായ ഇടപെടലുകളും അന്വേഷണവും നടത്തുന്നുണ്ട്. ഇന്റലിജൻസിന്റെ പരിശോധനയുടെ ഭാഗമായി ഈ വർഷം ഇതുവരെ 450 കോടി രൂപ സംസ്ഥാന ഖജനാവിലേക്ക് അടപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ജി. സ്റ്റീഫൻ: സർ, സംസ്ഥാനത്തിന്റെ മൊത്തം വരുമാന സമാഹരണത്തിൽ ഗണ്യമായ സംഭാവന നൽകുന്ന ഒരു മേഖലയാണ്

ലോട്ടറി. ധാരാളം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുത്ത് ഉപജീവനമാർഗം തേടുന്നുണ്ട്. ഇത്തരത്തിൽ ലോട്ടറി മേഖലയിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യാപാരികൾക്കും തൊഴിലാളികൾക്കും സഹായകരമാകുന്ന വിധത്തിലുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും കൂടുതൽ സാധാരണക്കാരെ സഹായിക്കുന്ന ഒന്നാണ് ലോട്ടറി. ഒരുലക്ഷത്തിലധികം ആളുകൾ നേരിട്ട് ലോട്ടറി ഏജന്റുമാരായി ജോലിയെടുക്കുന്നുണ്ടെന്ന കാര്യം അങ്ങേയ്ക്കറിയാം. ഈ നാട്ടിൽ എവിടെച്ചെന്നാലും ദുർബല ജനവിഭാഗങ്ങൾക്ക് വരുമാനം ലഭിക്കുന്ന ഒരു മേഖലയാണിത്. ലോട്ടറി സംവിധാനത്തിനകത്ത് ആകെ വിറ്റഴിക്കുന്ന ടിക്കറ്റിന്റെ 3 ശതമാനം തുകപോലും സംസ്ഥാന ഖജനാവിലേക്ക് ലഭിക്കുന്നില്ല. ടാക്സിന്റെ ഒരു ഭാഗം വരും. കമ്മീഷൻ, സമ്മാനം, ടാക്സ് ഇതാണ് ലോട്ടറിയുടെ പൊതുഘടന. അതിന്റെ ഭാഗമായി ലോട്ടറി തൊഴിലാളികൾക്ക് ക്ഷേമനിധിയുണ്ട്. അതിൽനിന്നും സാധാരണ ക്ഷേമിനിധിപോലെയുള്ള പല ആനുകൂല്യങ്ങളും കൂടാതെ അവർക്ക്

വാർഷികമായി പ്രത്യേകം ബോണസുപോലെ കൊടുക്കുന്നവയുമുണ്ട്. ഇതുകൂടാതെ, ലോട്ടറി തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങൾക്ക് 'ലൈഫ് വിഷുബമ്പർ' എന്ന നറുക്കെടുപ്പ് നടത്തി 160 വീടുകൾ നിർമ്മിച്ചുകൊടുക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ആ പദ്ധതി നടപ്പാക്കാൻ ആരംഭിക്കുകയും വീടുകൾ നിർമ്മിച്ചുകൊടുക്കുകയും ചെയ്യും. അതുസംബന്ധിച്ച് മുമ്പ് അനൗൺസ് ചെയ്തതാണ്. അതിനുള്ള സ്കീമായി. മറ്റൊന്ന്, ട്രൈസ്കൂട്ടർ, വളരെ ദുർബലരായവർക്ക് പ്രത്യേക സഹായങ്ങൾ, ലോട്ടറി വിൽക്കുന്നവർക്കുള്ള അനുബന്ധ സഹായങ്ങൾ എന്നിവ നൽകുന്നുണ്ട്. ലോട്ടറി തൊഴിലാളികൾക്ക് നല്ല സംരക്ഷണം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്നത്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇത്രയെല്ലാം ശ്രമങ്ങൾ നടത്തിയിട്ടും ഈ ഘട്ടത്തിൽ നമ്മുടെ സാമ്പത്തിക മേഖലയിൽ അനുകൂലമായ ഒരു നിലപാട് സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ

നിലപാടിനെ സംബന്ധിച്ചാണ് ചോദ്യം. ഇത്രയേറെ കാര്യങ്ങൾ വന്നിട്ടും കേന്ദ്ര ഗവൺമെന്റ് നിലപാടിൽ മാറ്റം വരുത്തിയിട്ടില്ല. ബുദ്ധിമുട്ടുകളെ സംബന്ധിച്ച് എന്നും പറയേണ്ട എന്നുകരുതിയാണ് അതിനെക്കുറിച്ച് പറയാത്തത്. ഏറ്റവുമൊടുവിൽ വയനാട് മേപ്പാടി ദുരന്തത്തിന് ചെയ്ത ഒരനുഭവം നമുക്കറിയാവുന്നതാണ്. അതിനുവേണ്ടി 529 കോടി രൂപ നൽകിയതിനുശേഷം ഒരു മാസത്തിനകം ടി തുക ചെലവഴിച്ചില്ലെങ്കിൽ തിരിച്ചെടുക്കുമെന്നാണ് കേന്ദ്രം പറഞ്ഞത്. ഇതുസംബന്ധിച്ച് മറ്റൊരു ചോദ്യം ഇന്നുതന്നെയുള്ളതുകൊണ്ട് ഇപ്പോൾ വിശദീകരിക്കുന്നില്ല. ഇങ്ങനെയാണ് കേന്ദ്ര ഗവൺമെന്റിന്റെ സമീപനം. കഴിഞ്ഞപ്രാവശ്യം സുപ്രീംകോടതി സെറ്റിൽ ചെയ്ത ചില കേസുകൾ, ഈ മാസം ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ ഡൽഹിയിൽ പോയിരുന്നു. കുറെ ബുദ്ധിമുട്ടുകളും തടസ്സങ്ങളും ഉണ്ടാകുന്നുണ്ട്. പ്രായോഗികമായി കേന്ദ്ര-സംസ്ഥാന കാര്യങ്ങളിൽ കണക്കുകൾ സെറ്റിൽ ചെയ്ത് മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. എന്തായാലും അർഹമായ തുക കേരളത്തിന് ലഭിക്കുന്നില്ലെന്ന സ്ഥിതിയുണ്ട്. അതിപ്പോഴും തുടരുന്ന അനുഭവങ്ങളുമുണ്ട്. നമ്മൾ അക്കാര്യത്തിൽ കൃത്യമായ രേഖകൾ കൊടുത്ത് എല്ലാം

വാങ്ങിയെടുക്കുന്നതിനുള്ള ശ്രമമാണ് നടത്തുന്നത്. ഈ ബുദ്ധിമുട്ടുകൾ നമ്മെ വല്ലാതെ ശ്വാസം മുട്ടിക്കുന്നുണ്ട്. ഇപ്പോഴും ആ ബുദ്ധിമുട്ട് അങ്ങനെ നിലനിൽക്കുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, 2011-16 വരെയുള്ള യു.ഡി.എഫ്. ഭരണം കേരളത്തെ സാമ്പത്തികമായും വികസനരംഗത്തും സമ്പൂർണ്ണമായി തകർത്തതിന്റെ പശ്ചാത്തലത്തിൽ അധികാരത്തിൽ വന്ന പിണറായി വിജയൻ സർക്കാർ കൈവരിച്ചിട്ടുള്ള മുന്നേറ്റത്തെ നീതി ആയോഗും മറ്റ് കേന്ദ്ര ഏജൻസികളും അംഗീകരിക്കുമ്പോൾ എന്തുകൊണ്ടാണ് പ്രതിപക്ഷം ഇതിനെ കുറച്ച് കാണുന്നത്; മൂന്നാം എൽ.ഡി.എഫ്. സർക്കാർ വരുമെന്ന ആശങ്കയിൽ നിന്നാണോ; അതിനെക്കുറിച്ച് വിശദീകരിക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ ചോദ്യത്തിന് രാഷ്ട്രീയമായി എല്ലാ കാര്യങ്ങളും വിശദീകരിക്കാൻ ബുദ്ധിമുട്ടാണ്. സംസ്ഥാനത്ത് ഇങ്ങനെയൊരു നിലപാട് പ്രതിപക്ഷം സ്വീകരിക്കാൻ പാടില്ലെന്ന് നമ്മൾ എപ്പോഴും പറയുന്നതാണ്. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ ഒരുമിച്ചുനിന്ന് ചോദിക്കണം. ചിലമേഖലകളിൽ ചോദിക്കാൻ അവർ സഹകരിച്ചിട്ടുണ്ട്. പക്ഷേ എപ്പോഴുമത് ചെയ്യുന്നില്ല.

പ്രത്യേകിച്ച് കേരളത്തിനകത്ത് ഒരുകാര്യത്തിലും അത് ചെയ്യുന്നില്ല. കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളെക്കുറിച്ച് കേരളത്തിന് പുറത്തുള്ള കോൺഗ്രസ് നേതൃത്വം നമ്മളുമായി ചേർന്ന് ഇത്തരം കാര്യങ്ങൾ പലപ്പോഴും സംസാരിക്കുകയും മറ്റും ചെയ്യുമ്പോഴും പാർലമെന്റിലും ജി.എസ്.ടി. കൗൺസിലിലുമെല്ലാം ഇക്കാര്യം ഉന്നയിക്കുമ്പോഴും കേരളത്തിനകത്ത് വരുമ്പോൾ കേരളത്തിലെ കോൺഗ്രസ് നേതൃത്വം അങ്ങനെ ചെയ്യുന്നില്ലെന്ന വിഷമമുണ്ട്. കേരളത്തിൽ എൽ.ഡി.എഫ്.-ന്റെ മൂന്നാം സർക്കാർ, പിണറായി ഗവൺമെന്റിന്റെ ഒരു തുടർച്ച വീണ്ടും വരുമെന്ന ചർച്ച ഉയർന്നുവരുന്നുണ്ട്. അത് വളരെ സന്തോഷകരമാണ്. അങ്ങനെ വരുമെന്നാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നതെന്നാണ് ഞങ്ങൾ കരുതുന്നത്.

**വ്യവസായ മേഖലയുടെ സുസ്ഥിര വളർച്ചയ്ക്കായുള്ള നടപടികൾ**

2(*182) <u>ശ്രീ. എം. മുകേഷ്</u>:
<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വ്യവസായ മേഖലയുടെ സുസ്ഥിരവളർച്ചക്കായി നടപ്പാക്കുന്ന നയപരിപാടികളെപ്പറ്റി വിശദമാക്കുമോ;

(ബി) സുസ്ഥിരഭാവി കണക്കിലെടുത്ത് സുസ്ഥിര സാങ്കേതികവിദ്യാ പദ്ധതികളിൽ സംസ്ഥാനത്ത് നിക്ഷേപം നടത്താൻ ആഗോള നിക്ഷേപകർ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ദാവോസിൽ വച്ച് നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിൽ കേരളത്തിന്റെ സാധ്യതകൾ ഫലപ്രദമായി അവതരിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനം, ഉയർന്ന തൊഴിൽ സാധ്യത എന്നിവ ലക്ഷ്യം വച്ചുകൊണ്ട് കേരളത്തെ സംരംഭക സൗഹൃദ സംസ്ഥാനമായി മാറ്റിയെടുക്കേണ്ടതിന്റെ ആവശ്യകത കൃത്യമായി മനസ്സിലാക്കുകയും അതുവഴി സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ടുവരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുന്നതിനും സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനും നിരവധി പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനുള്ള നിയമനിർമ്മാണങ്ങളും ചട്ട ഭേദഗതികളും ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾക്ക് കഴിഞ്ഞ സർക്കാരിന്റെ

കാലത്ത് ആരംഭം കുറിക്കുകയും ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ ഈ സർക്കാരിന്റെ കാലത്തും സ്വീകരിച്ചുവരികയാണ്.

സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനായി വിവിധ നിയമ നിർമ്മാണങ്ങളും നിയമചട്ടഭേദഗതികളും സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംരംഭങ്ങൾക്കുള്ള അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2018-ൽ 'കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവരികയുണ്ടായി. ഈ നിയമപ്രകാരം വ്യാവസായിക അനുമതികളുടെ കാലാവധി അഞ്ച് വർഷമാക്കി ഉയർത്തുകയും അപേക്ഷ സമർപ്പിച്ച നാൾമുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള അനുമതികൾ അതത് വകുപ്പുകൾ ലഭ്യമാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുകയും ചെയ്തു. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്.

ഇതോടൊപ്പം 2019-ൽ 'കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 50 കോടി രൂപയിൽ താഴെ

നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നരവർഷംവരെ സംസ്ഥാന നിയമങ്ങൾക്കുകീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. കെ-സ്വിഫ്റ്റിലൂടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം കരസ്ഥമാക്കി സംരംഭം ഉടനടി തുടങ്ങാൻ സാധിക്കും. മേൽപറഞ്ഞ നിയമ പരിഷ്കരണങ്ങളിലൂടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുവാൻ മുന്നോട്ടുവരുന്ന നവസംരംഭകർക്കും നിലവിലുള്ള സംരംഭകർക്കും ഒരുപോലെ പ്രോത്സാഹനം നൽകുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് ആരംഭിക്കുന്ന പുതിയ സംരംഭങ്ങൾക്കും നിലവിലുള്ള സംരംഭങ്ങളുടെ വിപുലീകരണത്തിനും ആവശ്യമായ വിവിധ അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി മെച്ചപ്പെട്ട ഓൺലൈൻ ഏകജാലക സംവിധാനം, വിവിധ സ്ഥാപനങ്ങളിലായി ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധന നടപടിക്രമങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ കേന്ദ്രീകൃത പരിശോധന സംവിധാനം വ്യവസായങ്ങൾ ആരംഭിക്കുന്നതും

പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട്, കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ വ്യവസ്ഥകളുടെ പരിഷ്കരണം എന്നിങ്ങനെ ഒട്ടനവധി പരിഷ്കരണങ്ങളും സർക്കാർ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ ഭേദഗതികൾ വഴി KSIDC-യുടേയും കിൻഫ്രയുടേയും കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ ഏകീകൃത ലാൻഡ് അലോട്ട്മെന്റ് ചട്ടം കൊണ്ടുവന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള വ്യവസായ പാർക്കുകൾക്കായി പുതിയ ലാൻഡ് അലോട്ട്മെന്റ് ചട്ടവും നിലവിൽവന്നു. ഇതിലൂടെ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട് സംരംഭകർ നേരിട്ടുകൊണ്ടിരുന്ന നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്.

ഉത്തരവാദിത്ത വ്യവസായത്തെയും ഉത്തരവാദിത്ത നിക്ഷേപങ്ങളെയും പ്രോത്സാഹിപ്പിക്കുക അതുവഴി വ്യവസായ മേഖലയുടെ സുസ്ഥിര വളർച്ച എന്നതാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യം. അതിനായി പല നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. സർക്കാർ കേരളത്തിലെ സംരംഭങ്ങളുടെ സാധ്യത വർധിപ്പിക്കുന്നതിനും അവരുടെ ഉന്നമനത്തിനും വ്യാവസായിക

പുരോഗതിക്ക് ഊന്നൽ നൽകുവാനും നടത്തിയിട്ടുള്ള പ്രധാനപ്പെട്ട ഇടപെടലുകളിലൊന്നാണ് സംസ്ഥാന വ്യവസായ നയം 2023. പുതിയ വ്യാവസായിക നയം സംസ്ഥാനത്തിന്റെ അന്തർലീനമായ ശക്തികൾ ഉപയോഗപ്പെടുത്തുന്നതിനും തിരഞ്ഞെടുക്കപ്പെട്ട 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങളെ ഉത്തേജിപ്പിക്കുന്നതിനുമാണ്. അടിസ്ഥാന സൗകര്യ വികസനം, സാങ്കേതികവിദ്യയും നവീകരണവും, സ്ഥാപനപരമായ കാര്യക്ഷമത, വിപണി വികസനം, കയറ്റുമതി സുഗമമാക്കൽ, ഗവേഷണം, വികസനം, നൈപുണ്യ വികസനം, പ്രോത്സാഹനങ്ങൾ എന്നിവയുടെ രൂപത്തിൽ സമഗ്രമായ പിന്തുണ 22 'സൺറൈസ്' മേഖലകളിലെ നിക്ഷേപങ്ങൾക്ക് വാഗ്ദാനം ചെയ്യുന്നു. കൂടാതെ സൺറൈസ് വ്യവസായങ്ങൾക്ക് നിരവധി ആനുകൂല്യങ്ങൾ വ്യാവസായിക നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിന്റെ തനത് വിഭവശേഷിയും ഭൂമിശാസ്ത്രപരവുമായ അനുകൂല ഘടകങ്ങളും സംസ്ഥാനത്ത് വാണിജ്യ സാധ്യതകൾ വർധിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്തുന്നതിനും നവീന വാണിജ്യ സാധ്യതകൾ തുറക്കുന്നതിനും അന്താരാഷ്ട്ര വാണിജ്യ ഭൂപടത്തിൽ കേരളത്തിനെ ഒരു പ്രധാന ഇടത്താവളമാക്കുന്നതിനും അതുവഴി കയറ്റുമതി

മേഖലയിൽ വികസനം കൊണ്ടുവരുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കേരള കയറ്റുമതി പ്രോത്സാഹന നയം-2025 അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രത്യേക മേഖലയിൽ ശ്രദ്ധയൂന്നികൊണ്ട് നിക്ഷേപവും അതുവഴി തൊഴിൽ അവസരങ്ങൾ വർധിപ്പിക്കുന്നതിനുമായി ലോജിസ്റ്റിക്ക് നയം, ESG നയം, ഗ്രാഫീൻ നയം എന്നിവയും പുറപ്പെടുവിക്കുന്നതിന്റെ അന്തിമഘട്ടത്തിലാണ്. ഇതുകൂടാതെ സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ നിക്ഷേപം കൊണ്ടുവരുവാനും കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുവാനും സർക്കാർ കെ.എസ്.ഐ.ഡി.സി. മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ, ഇൻവെസ്റ്റർ പിച്ച് പരിപാടികളുടെ ഭാഗമായുള്ള പദ്ധതികളുടെ അവലോകനം വ്യവസായ വകുപ്പുമന്ത്രിയുടെയും വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെയും കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടറുടെയും നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ നടന്നുവരുന്നുണ്ട്.

സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ

പലിശ നിരക്കിൽ (നിലവിൽ 8.50 ശതമാനം-10.50 ശതമാനം) 60 കോടി രൂപവരെ വായ്പയായി നൽകിവരുന്നു.

വ്യാവസായ മേഖലയുടെ സുസ്ഥിര വളർച്ചയ്ക്കുവേണ്ടി, കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെയും പാർക്കുകളുടെ വികസനത്തിനുവേണ്ടി എല്ലാ വർഷവും ബജറ്റിൽ ആനുപാതികമായ തുക വകയിരുത്താറുണ്ട്. ഈ വർഷം വ്യവസായങ്ങളുടെ പുരോഗതിക്കുവേണ്ടി കേരള വ്യാവസായ നയം 2023-ന്റെ ഭാഗമായി 22 മുൻഗണന മേഖലയിൽവരുന്ന നിർമ്മാണ യൂണിറ്റുകളെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവയിൽനിന്നും പൂർണ്ണമായി ഒഴിവാക്കുകയുണ്ടായി.

(ബി) കേരളത്തിന്റെ സുസ്ഥിര സാമ്പത്തിക വികസനത്തിനും വ്യവസായ വളർച്ചയ്ക്കുമുള്ള രൂപരേഖ നൽകിക്കൊണ്ട് നവകേരള നിർമ്മിതിയിലേക്കുള്ള സംസ്ഥാനത്തിന്റെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്. കേരളത്തിന്റെ വ്യാവസായിക മുന്നേറ്റം ലോകശ്രദ്ധയിലേക്കെത്തിക്കുന്നതിനും ഈ സംഗമം വഴിയൊരുക്കി. സുസ്ഥിര വികസനം, ഡിജിറ്റൽ ഇന്നോവേഷൻ, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാനസൗകര്യ വികസനം

എന്നിവയ്ക്ക് പ്രാധാന്യം നൽകി സംസ്ഥാനത്തിന്റെ തന്ത്രപ്രധാനമായ വ്യാവസായിക വളർച്ചയ്ക്ക് കരുത്തേകുന്ന ചർച്ചകൾക്കുള്ള വിശാലമായ വേദിയായിരുന്നു ഇത്. ജനസൗഹൃദപരമായ നയപരിഷ്കാരങ്ങൾ, ഉറപ്പുള്ള അടിസ്ഥാനസൗകര്യങ്ങൾ, യോജിച്ച ബിസിനസ്സ് അന്തരീക്ഷം എന്നിവ കേരളത്തെ ഉയർന്ന നിലവാരമുള്ള നിക്ഷേപകേന്ദ്രമായി ഉയർത്തുന്നു. ഇതിലൂടെ ആഭ്യന്തര-അന്താരാഷ്ട്ര നിക്ഷേപങ്ങൾക്ക് പുതിയ വാതായനങ്ങൾ തുറക്കപ്പെടുന്നു. കേരളത്തിന്റെ വ്യാവസായിക വളർച്ചയ്ക്കും സാമ്പത്തിക സുസ്ഥിരതയ്ക്കും ഉതകുന്ന നിർണ്ണായക ചുവടുവയ്പായിരുന്നു ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ്.

ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിലെ ലുലു ബോൾഗാട്ടി ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് 2025, കേരളത്തിന്റെ നിക്ഷേപ സമാഹരണ പ്രവർത്തനങ്ങളിൽ ഒരു സുപ്രധാന നാഴികക്കല്ല് അടയാളപ്പെടുത്തി. പ്രസ്തുത നിക്ഷേപ സംഗമത്തിൽ 374 കമ്പനികളിൽ നിന്നായി ഏകദേശം 1.53 ലക്ഷം കോടി രൂപയുടെ നിക്ഷേപങ്ങൾക്കായുള്ള താൽപര്യപത്രങ്ങൾ ലഭിച്ചിട്ടുണ്ട്. 24 പ്രമുഖ ഐ.ടി. കമ്പനികൾ കേരളത്തിൽ തങ്ങളുടെ

പ്രവർത്തനം വിപുലീകരിക്കാൻ താൽപര്യം പ്രകടിപ്പിക്കുകയും അതുവഴി ഏകദേശം 8,500 കോടി രൂപയുടെ അധിക നിക്ഷേപവും 60,000 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാനുള്ള നിർദേശങ്ങളും ലഭിച്ചിട്ടുണ്ട്.

എയ്റോസ്പേസ്, ഡിഫൻസ്, അഗ്രി-ഫുഡ് പ്രോസസിംഗ്, ബയോടെക്നോളജി, ഇലക്ട്രോണിക്സ്, ഊർജം, ഹെൽത്ത് കെയർ, ഐ.ടി., ലോജിസ്റ്റിക്സ്, ഫാർമസ്യൂട്ടിക്കൽസ്, തുറമുഖങ്ങൾ, ഷിപ്പിങ്, ടെക്സ്റ്റൈൽസ്, ടൂറിസം തുടങ്ങി 22 പ്രധാന മേഖലകളെക്കുറിച്ചുള്ള ചർച്ചകളാണ് ഉച്ചകോടിയിൽ നടന്നത്. നിക്ഷേപസൗഹൃദ അന്തരീക്ഷം പരിപോഷിപ്പിക്കുന്നതിനുള്ള കേരളത്തിന്റെ പ്രതിബദ്ധതയ്ക്കും നവീകരണത്തിനും നിക്ഷേപത്തിനുമുള്ള ആഗോള കേന്ദ്രമെന്നനിലയിൽ അതിന്റെ സാധ്യതയ്ക്കും ഉച്ചകോടിയുടെ വിജയം അടിവരയിടുന്നു.

(സി) വ്യവസായ മേഖലയിൽ കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനം കൈവരിച്ച മുന്നേറ്റങ്ങൾ സ്വിറ്റ്സർലാൻഡിലെ ദാവോസിൽ നടന്ന 55-ാമത് വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ ചർച്ചകളിൽ കേരള പ്രതിനിധി സംഘം എടുത്തുകാട്ടി. ബിസിനസ്സ് പ്രമുഖർ, രാഷ്ട്രീയ നേതാക്കൾ, ആസൂത്രകർ, സാങ്കേതിക വിദഗ്ധർ എന്നിവരുമായി കേരള

സംഘം ആശയവിനിമയം നടത്തി. എ ബി ഇൻബെവ്, ഗ്രീൻകോ, ഹിറ്റാച്ചി, ടി.വി.എസ്. ലോജിസ്റ്റിക്സ്, ജൂബിലന്റ്, ഭാരത് ഫോർജ്, എച്ച്.സി.എൽ., സിഫി, വെൽസ്പൺ, ഇൻഫോസിസ്, വാരി, സുഹാന സ്പൈസസ് ഉൾപ്പെടെ 70 ഓളം കമ്പനി പ്രതിനിധികളോടും വ്യവസായ പ്രമുഖരോടും വൺ ടു വൺ ചർച്ച നടത്തി.

കൊച്ചിയിലെ ഗ്രീൻ ഹൈഡ്രജൻ വാലി പദ്ധതി വേൾഡ് ഇക്കണോമിക് ഫോറം അംഗീകരിക്കുന്ന ക്ലസ്റ്ററുകളിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യം ചർച്ച നടത്തി തത്വത്തിൽ അംഗീകരിക്കപ്പെട്ട ക്ലസ്റ്ററുകളിൽ പദ്ധതി ഇടം നേടിയിട്ടുണ്ട്. ബഹ്റൈൻ വ്യവസായ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, സുസ്ഥിരവികസന വകുപ്പുമന്ത്രി എന്നിവരുൾപ്പെട്ട സംഘവുമായും റോയൽ മിഷൻ ചെയർമാന്റെ നേതൃത്വത്തിലുള്ള സൗദി പ്രതിനിധിസംഘവുമായും കേരള പവലിയനിലെത്തി ചർച്ച നടത്തി. മേൽ 2 രാജ്യങ്ങളിലേയും മന്ത്രിതല പ്രതിനിധി സംഘം കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപസംഗമത്തിൽ പങ്കെടുത്തുകൊണ്ട് കേരളത്തിൽ നിക്ഷേപം നടത്തുന്നതിനുള്ള താൽപര്യപത്രം നൽകുകയുണ്ടായി.

വ്യവസായ വളർച്ചയും സാമൂഹിക പുരോഗതിയും സന്തുലിതമാക്കുന്ന നയങ്ങൾ വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്ന കേരളത്തിന്റെ മാതൃക ആഗോള പങ്കാളികളിൽനിന്നും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ എടുത്തുപറയുകയുണ്ടായി. കാലാവസ്ഥാ വ്യതിയാന വെല്ലുവിളികൾ നേരിടുന്ന കാലത്ത് ജനങ്ങളെ പിന്തുണച്ചുകൊണ്ടും പരിസ്ഥിതിക്ക് ദോഷം വരുത്താതെയുമുള്ള വ്യവസായ മാതൃകയ്ക്ക് ഊന്നൽ നൽകുന്നതും ശ്രദ്ധിക്കപ്പെട്ടു.

സുപ്രധാന നിക്ഷേപ കേന്ദ്രമാക്കി സംസ്ഥാനത്തെ മാറ്റുന്നതിന് നടത്തിയ നയ സംരംഭങ്ങളും പരിഷ്കാരങ്ങളും ദാവോസിൽ ഫലപ്രദമായി പ്രദർശിപ്പിച്ചു.

ദി ഡിജിറ്റൽ ഡിവിഡന്റ് എന്ന വിഷയത്തിൽ സി.ഐ.ഐ.-യും കെ.പി.എം.ജി.-യും ചേർന്ന് സംഘടിപ്പിച്ച പാനൽ ചർച്ചയിൽ വ്യവസായ വകുപ്പുമന്ത്രി പങ്കെടുക്കുകയുണ്ടായി.

ശ്രീ. എം. മുകേഷ്: സർ, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് വിജയകരമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നടത്തിയ മുന്നൊരുക്കങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇന്ത്യയിലും കേരളത്തിലും നടന്നിട്ടുള്ള എല്ലാ ഇൻവെസ്റ്റ് സമ്മിറ്റുകളുടെയും അനുഭവങ്ങൾ താരതമ്യം ചെയ്തുകൊണ്ട് 2021-ൽത്തന്നെ 2025-ലാണ് ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് നടത്തേണ്ടതെന്ന് തീരുമാനിച്ചു. അതിന്റെ ഭാഗമായി നിയമങ്ങളിലും ചട്ടങ്ങളിലും ഭേദഗതി വരുത്തി. ബന്ധപ്പെട്ട സംഘടനകളുമായി ആശയവിനിമയം നടത്തി. കേരളത്തിലെ 5000-ത്തിലധികം വരുന്ന ഇൻവെസ്റ്റേഴ്സുമായി നേരിട്ട് ആശയവിനിമയം നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി പുതിയ വ്യവസായ നയം ആവിഷ്കരിച്ചു. ആ വ്യവസായ നയം ആവിഷ്കരിക്കുമ്പോഴും ആശയവിനിമയം നടത്തി. അതിനുശേഷം 48 പ്രിപ്പറേറ്ററി പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. അതിൽ റൗണ്ട് ടേബിൾ കോൺഫറൻസുകൾ, കോൺക്ലേവ്, സെക്ടർ വൈസ് മീറ്റിംഗുകൾ എന്നിവ ഉൾപ്പെടും. കേരളത്തിൽത്തന്നെ പ്രവർത്തിക്കുന്ന ആയിരം കോടി രൂപയ്ക്കുമുകളിൽ ടേണോവറുള്ള സ്ഥാപനങ്ങൾ, അഞ്ഞൂറിനും ആയിരം കോടി രൂപയ്ക്കുമിടയിലുള്ളത്, നൂറ് കോടിക്കും അഞ്ഞൂറ് കോടി രൂപയ്ക്കുമിടയിൽ ടേണോവറുള്ള സ്ഥാപനങ്ങൾ എന്നിവയുമായും ആശയവിനിമയം നടത്തി. നിലവിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഇൻവെസ്റ്റ്മെന്റ് തുടങ്ങിയതും

പുതുതായി ഇൻവെസ്റ്റ്മെന്റ് നടത്തിയതുമായ കമ്പനികളുമായിട്ടുള്ള ആശയവിനിമയവും നടത്തി. റോഡ് ഷോയും നടത്തി. അങ്ങനെ 48 പരിപാടികൾ സംഘടിപ്പിച്ചു. ചെന്നൈ, ബാംഗ്ലൂർ, മുംബൈ, ഡൽഹി, ദുബായ് റോഡ് ഷോ, ദാവോസിലും റോഡ് ഷോ പോലെതന്നെയാണ് നമ്മൾ കണ്ടത്. ഇതുകൂടാതെ മുഖ്യമന്ത്രി പങ്കെടുത്ത 36 രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളുടെ ഡിപ്ലോമാറ്റിക് സമ്മിറ്റുകൂടി ഡൽഹിയിൽ നടത്തുകയുണ്ടായി. പ്രിപ്പറേറ്ററി പ്രോഗ്രാമിന്റെ ഭാഗമായി നടത്തിയതുകൊണ്ട് വളരെ റിയലിസ്റ്റിക്കായിട്ടുള്ള ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലുകൾ വന്നു. ഇന്ത്യയിൽത്തന്നെ നടന്ന ഏറ്റവും മികച്ച ഇൻവെസ്റ്റ് സമ്മിറ്റാണെന്ന് എല്ലാ സംഘടനകളും സാക്ഷ്യപ്പെടുത്തുന്ന രൂപത്തിൽ വളരെ വിജയകരമായി ഇത് സംഘടിപ്പിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു.

ശ്രീ. എം. മുകേഷ്: സർ, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി സർക്കാരിന് ലഭിച്ച എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് യഥാസമയത്ത് യാഥാർഥ്യമാക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

<u>ശ്രീ. പി. രാജീവ്</u>: സർ, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായി സർക്കാരിന് ലഭിച്ച എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് സംബന്ധിച്ച് സമാപന സമ്മേളനത്തിൽ സൂചിപ്പിക്കുകയുണ്ടായി. ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവും സമാപന സമ്മേളനത്തിനുണ്ടായിരുന്നു. പ്രതിപക്ഷനേതാവ് ഉദ്ഘാടന സമ്മേളനത്തിനുണ്ടായിരുന്നു. 1,52,000 കോടി രൂപയുടെ ഇ.ഒ.ഐ.-കളാണ് അവിടെ വന്നത്. അതിനുശേഷം വന്നതുൾപ്പെടെ 1,65,000-ഉം ഐ.ടി. കൂടി ഉൾപ്പെടുത്തുമ്പോൾ 1,75,000 ത്തോളം വരുന്ന ഇ.ഒ.ഐ.-കൾ സർക്കാരിനിപ്പോൾ ലഭിച്ചിട്ടുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി, കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സി.ഐ.ഐ.), ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേമ്പേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി (ഫിക്കി), Kerala State Small Industries Association (കെ.എസ്.എസ്.ഐ.എ.), THAI തുടങ്ങിയ സംഘടനകളുമായി തുടർപ്രവർത്തനങ്ങൾ സംബന്ധിച്ച് ഇന്നലെ രാത്രിതന്നെ ആശയവിനിമയം നടത്തുകയുണ്ടായി. അടുത്ത 14-ാം തീയതി വിവിധ വകുപ്പുമന്ത്രിമാരുടെയും സെക്രട്ടറിമാരുടെയും യോഗം ചേരുന്നുണ്ട്. നിലവിൽ ഏഴ് സെക്ടറായി തിരിച്ച് ഏഴ് ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. 12

എക്സ്പെർട്ടുകളെ ഇതിന്റെ ഏകോപനത്തിനുവേണ്ടി നിയോഗിച്ചിട്ടുണ്ട്. ഏപ്രിൽ മാസത്തിലെങ്കിലും ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിന്റെ ഭാഗമായുള്ള ആദ്യത്തെ പദ്ധതിയുടെ കല്ലിടാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, സംരംഭക വർഷം പദ്ധതിക്ക് അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ നൽകുന്ന 'ഇന്നോവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ' എന്ന അംഗീകാരം നേടിയ വ്യവസായ വകുപ്പിനും വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിനും പ്രത്യേകം അഭിനന്ദനങ്ങൾ. സംസ്ഥാനത്ത് മികച്ച വ്യാവസായിക അന്തരീക്ഷം നിലനിൽക്കുമ്പോൾ കഴിഞ്ഞ രണ്ടുദിവസമായി ടൈംസ് ഓഫ് ഇന്ത്യ കേരളത്തിലെ എം.എസ്.എം.ഇ.-കളുമായി ബന്ധപ്പെട്ട് രാജ്യവ്യാപകമായി ഒന്നാംപേജിൽ കൊടുത്ത വാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വാർത്തയുടെ നിജസ്ഥിതി എന്താണ്?

ശ്രീ. പി. രാജീവ്: സർ, ടൈംസ് ഓഫ് ഇന്ത്യ രണ്ടുദിവസം ദേശീയ തലത്തിൽത്തന്നെ ഒന്നാം പേജിൽ കേരളത്തിൽ 42000 സംരംഭങ്ങൾ ഒൻപത് വർഷത്തിനുള്ളിൽ പൂട്ടിയെന്ന് സോഴ്സ് കാണിക്കാതെ ഒരു വാർത്ത

കൊടുക്കുകയുണ്ടായി. യഥാർത്ഥത്തിൽ ബഹുമാന്യനായ കാസർഗോഡ് അംഗം ശ്രീ. എൻ. എ. നെല്ലിക്കുന്നിന് അവകാശപ്പെട്ട ഒരു ക്രെഡിറ്റാണ് ടൈംസ് ഓഫ് ഇന്ത്യ എടുത്തുകളഞ്ഞത്. ഒൻപത് വർഷത്തിനിടയിൽ ഏതൊക്കെ ജില്ലയിൽ ഏതൊക്കെ സംരംഭങ്ങൾ പൂട്ടി എന്നുള്ളതിന്റെ 1119 പേജുള്ള ഒരു മറുപടി അദ്ദേഹത്തിന് സഭയിൽ നൽകുകയുണ്ടായി. അതിൽ സൂചിപ്പിച്ചിട്ടുള്ളത് ഒഫീഷ്യൽ കണക്കല്ല, ഓരോ പഞ്ചായത്തിലും പോയി ഇന്റേൺസ് എടുത്ത കണക്കാണ്. അതിൽ തിരുവനന്തപുരത്തെക്കുറിച്ച് പറയുകയാണെങ്കിൽ തട്ടുകട, മുറുക്കാൻകട, പെട്ടിക്കട തുടങ്ങിയവയെല്ലാം ഉൾപ്പെടെ 70, 71 എണ്ണമുണ്ടാകും. അതെല്ലാം ഉൾപ്പെടുത്തി കൊടുത്ത കണക്കാണ്. പക്ഷേ ഈ സോഴ്സ് വെളിപ്പെടുത്താതെയാണ് പത്രവാർത്ത പ്രസിദ്ധീകരിച്ചത്. ഇതാകെ അലാമിങ് ആണെന്ന് തോന്നിപ്പിക്കുകയാണ്. ഈ കണക്ക് അലാമിങാണെന്ന് പറയണമെങ്കിൽ മറ്റ് സംസ്ഥാനങ്ങളെക്കാൾ ഈ കാലയളവിൽ പൂട്ടിപ്പോയ സംരംഭങ്ങളുടെ എണ്ണം വളരെ കൂടുതലായിരിക്കണം. രണ്ടാമത്തേത് WEF (World Economic Forum)-ന്റെ കണക്കാണ്. WEF-ഉം സിംഗപ്പൂർ ബിസിനസ് സ്കൂളും ചേർന്ന് നടത്തിയ പഠനത്തിൽ നിലവിൽ ലോകമാകെ 68 ശതമാനം

എം.എസ്.എം.ഇ.-കൾ പ്രതിസന്ധിയിലാണ്. തമിഴ്നാട്ടിൽ ഒറ്റവർഷം 50000 എം.എസ്.എം.ഇ.-കൾ പൂട്ടിപ്പോയി. കർണ്ണാടകയിൽ ഒറ്റ എസ്റ്റേറ്റിൽ 16000 എം.എസ്.എം.ഇ.-കൾ പൂട്ടി. ഇതെല്ലാം ഞാൻ നിയമസഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. ഇന്ത്യയിൽ തുടങ്ങുന്ന സംരംഭങ്ങളുടെ മുപ്പത് ശതമാനം ആദ്യത്തെ വർഷംതന്നെ പൂട്ടിപ്പോകുന്നുണ്ട്. കേരളത്തിൽ അത് പതിനഞ്ച് ശതമാനത്തിലേക്ക് എത്തിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മൂന്ന് ലക്ഷം എം.എസ്.എം.ഇ.-കൾ തുടങ്ങിയാൽത്തന്നെ 45000 എണ്ണം പൂട്ടിയാലും നമ്മുടെ കണക്കിനകത്തേ എത്തുകയുള്ളൂ. പക്ഷേ ഒൻപത് വർഷത്തെ കണക്ക് എവിടെ നിന്ന് ലഭ്യമായി എന്നുപോലും സൂചിപ്പിക്കാതെ ടൈംസ് ഓഫ് ഇന്ത്യ വാർത്ത ഒന്നാമത്തെ പേജിൽകൊടുത്തു. ഞാൻ ഇന്നലെ മാധ്യമങ്ങളോട് ഇക്കാര്യം വിശദീകരിച്ചശേഷം ഇന്ന് അകത്തെ പേജിൽ ടൈംസ് ഓഫ് ഇന്ത്യ ഒരു വാർത്ത കൊടുത്തു, അതിൽ ലേഖകന്റെ വിശദീകരണമുണ്ട്. വിശദീകരണം എന്താണെന്നുവച്ചാൽ, മുറുക്കാൻ കടയും പെട്ടിക്കടയുമൊക്കെ ആരംഭിച്ച എം.എസ്.എം.ഇ.-കളുടെ കൂട്ടത്തിൽപ്പെടുമെങ്കിൽ അത് അടച്ച കണക്കിലും കൂട്ടിയാൽ പ്രശ്നമുണ്ടോ? ഇതുമാത്രമേയുള്ളൂ അവരുടെ ന്യായീകരണം.

യഥാർഥത്തിൽ ഞാൻ ഇന്നലെ പത്രക്കാരോട് പറഞ്ഞത്, ഈ ഒൻപത് വർഷത്തിൽ ഇവിടെയുണ്ടായിരുന്ന പെട്ടിക്കടയും മുറുക്കാൻ കടയും ഈ കണക്കിനകത്ത് വന്നിട്ടില്ല എന്നാണ്. Udyam Registration Portal നോക്കുകയാണെങ്കിൽ എം.എസ്.എം.ഇ. കഴിഞ്ഞ് ഐ.എം.ഇ. (ഇൻഫോർമൽ മൈക്രോ എന്റർപ്രൈസസ്) കളും കാണാൻ സാധിക്കും. അതുൾപ്പെടെവരുന്നത് 2021-നുശേഷമാണ്. അതിനുമുമ്പുള്ള കണക്കുൾപ്പെടെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് അല്ലേ ചോദിച്ചത്; അതുകൊണ്ട് വളരെ വിശദമായിത്തന്നെ കണക്ക് കൊടുത്തു. ആ കണക്കുകളൊന്നും സൂചിപ്പിക്കാതെ ടൈംസ് ഓഫ് ഇന്ത്യ ഇന്ത്യയിലാകെ ഒന്നാംപേജിൽ വാർത്ത കൊടുത്തു. ഇന്ന് കൊടുത്ത വിശദീകരണം കൊച്ചി എഡിഷനിൽ ലോക്കലായി ഒതുക്കിയിട്ടുണ്ട്. അത് വളരെ ബോധപൂർവമായിട്ടുള്ള രീതിയാണെന്ന് ഇന്നലെത്തന്നെ തുറന്നുകാണിച്ചു. എന്നാൽ മലയാളം മാധ്യമങ്ങളൊന്നും അക്കാര്യം ആ അർഥത്തിലല്ല എടുത്തത്. വസ്തുതകൾ മനസ്സിലാക്കിത്തന്നെയാണ് അവർ നിലപാട് സ്വീകരിച്ചിട്ടുള്ളത്.

ശ്രീമതി ശാന്തകുമാരി കെ.: സർ, നീണ്ട ഇടവേളയ്ക്കുശേഷമാണല്ലോ

ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറത്തിൽ കേരളം പങ്കെടുക്കുന്നത്. അത് കേരളത്തിന്റെ ഭാവിയിൽ വലിയ പ്രതീക്ഷയാണ് നൽകിയിട്ടുള്ളത്. തുടർന്നാണ് കേരള ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് സമ്മിറ്റ് നടത്തിയത്. കേരളത്തിന്റെ ഭാവി വികസന മുന്നേറ്റത്തിൽ ഏതെല്ലാം തരത്തിലുള്ള സംഭാവനകൾ വേൾഡ് ഇക്കണോമിക് ഫോറത്തിനുശേഷം ഉണ്ടാകുമെന്നുള്ള പ്രതീക്ഷയാണ്, അവ ഏതൊക്കെയെന്ന് പറയാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, വേൾഡ് ഇക്കണോമിക് ഫോറത്തിൽ പങ്കെടുക്കുമ്പോൾ നമ്മൾ അതിനെ കാണുന്നത് ലോകത്തിലുള്ള ഇൻവെസ്റ്റർമാരെയെല്ലാം കാണാൻ കഴിയുന്ന സിംഗിൾ പോയിന്റ് എന്ന നിലയിലാണ്. നമ്മൾ മൂന്നര ദിവസംകൊണ്ട് എഴുപത് മീറ്റിംഗുകൾ നടത്തുകയുണ്ടായി. WEF-ന്റെ ഒരു പരിപാടിയിൽ ഞാൻ പങ്കെടുത്തു. അതുകൂടാതെ നമ്മുടെ ചീഫ് സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, ഇൻഡസ്ട്രീസ് സെക്രട്ടറി, KSIDC മാനേജിങ് ഡയറക്ടർ എന്നിവരാണ് പങ്കെടുത്തത്. വൺ ടു വൺ മീറ്റിംഗ്, നമ്മൾ ചെറിയ ഒരു ടീമായിരുന്നു. ചിലർ പറയും നിങ്ങൾ പത്ത് കോടി ചെലവഴിച്ചുവെന്നുള്ളത്. നമ്മൾ ഏഴ് കോടിയിലധികം യൂണിയൻ ഗവൺമെന്റിന്റെ പവലിയനിലാണ്

കൊടുക്കുന്നത്. ആന്ധ്രാപ്രദേശിന് ഒരു മാസമായി അവിടെ ഒരു ടീമുണ്ട്. അവർ ഒരു ഹോട്ടലിന്റെ രണ്ടുനില മുഴുവനും എടുത്തിരിക്കുകയാണ്. ഒരു കോൺഫറൻസ് ഹാളും അവർ എടുത്തിരിക്കുകയാണ്. തമിഴ്നാടും അതുപോലെ തന്നെയാണ്. ഉത്തർപ്രദേശ് ഒരു ഹോട്ടൽ ആണ് എടുത്തിരിക്കുന്നത്. നമ്മൾ ചുരുങ്ങിയ ദിവസങ്ങൾ മാത്രമേ അവിടെ നിന്നുള്ളുവെങ്കിലും എഴുപത് മീറ്റിങ്ങുകൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. ബഹ്റിൻ മന്ത്രിതല സംഘം നമ്മുടെ ചെറിയ പവലിയനിലേക്ക് വരികയും അവരുമായി ആശയവിനിമയം നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അവർ ഇൻവെസ്റ്റ് സമിറ്റിൽ നമ്മൾ എക്സ്റ്റെൻഡ് ചെയ്ത ഇൻവിറ്റേഷൻ പ്രകാരം വരികയുണ്ടായി. നമുക്ക് അവിടെ പ്രധാനപ്പെട്ട ലോകോത്തര കമ്പനികളെയെല്ലാം കാണാൻ കഴിഞ്ഞു. WEF-ന് അകത്ത് പോയാലുള്ള സൗകര്യം നമുക്ക് അവിടെവച്ച് എല്ലാവരെയും ഇൻഫോർമലായി കാണാൻ കഴിയും. നല്ല ഒരു തുടക്കമാകാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ പ്രതിഫലനം നമ്മുടെ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലുമുണ്ടായി. ഇൻവെസ്റ്റ് സമ്മിറ്റിൽ വന്നിട്ടുള്ള WEF-ന്റെ പ്രതിനിധികളെയും നമ്മൾ ഈ ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലേക്ക്

വിളിക്കുകയുണ്ടായി. അതുമായി ബന്ധപ്പെട്ട് ഇന്ത്യയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരെയും വിളിക്കുകയുണ്ടായി. നല്ല ഒരു അന്തരീക്ഷം രൂപപ്പെട്ടിട്ടുണ്ട്. നമുക്ക് നല്ല രീതിയിൽ തന്നെ അത് മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കാം.

ശ്രീ. എൻ. കെ. അക്ബർ: സർ, വേൾഡ് ഇക്കണോമിക് ഫോറത്തിൽ അവതരിപ്പിച്ച് അംഗീകാരം ലഭ്യമായ സുസ്ഥിര വികസന പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ നടത്താൻ ഉദ്ദേശിക്കുന്ന തുടർപ്രവർത്തനങ്ങൾ വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, മാധ്യമങ്ങൾ ഇക്കാര്യം വേണ്ടത്ര റിപ്പോർട്ട് ചെയ്തിട്ടില്ല. അവർ പതിമൂന്ന് പുതിയ ക്ലസ്റ്ററുകൾ ആണ് ഒഫീഷ്യലായി ഡിക്ലെയർ ചെയ്തിട്ടുള്ളത്. അതിൽ ഒന്നാമത്തെ ക്ലസ്റ്റർ കേരള ഗ്രീൻ ഹൈഡ്രജൻ വാലി ക്ലസ്റ്റർ ആണെന്നതിൽ ഓരോ മലയാളിക്കും അഭിമാനിക്കാം. കേരളം ഗ്രീൻ എനർജിയിലേക്ക് പോകുന്നു. കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് ഉൾപ്പെടെയുള്ള മേഖലകളിലുള്ള ഗ്രീൻ ഹൈഡ്രജൻ വാലി ക്ലസ്റ്റർ ആണ്. അതിനുമുന്നോടിയായുള്ള ചർച്ചകൾ തുടങ്ങിയിട്ട് രണ്ടുവർഷമായി. ബോംബെയിൽവച്ച് ഏറ്റവും ഒടുവിൽ ചർച്ച

നടന്നു. അതിന്റെകൂടി കൾമിനേഷനായിട്ടാണ് WEF-ൽ വച്ച് തന്നെ ഒഫീഷ്യൽ ഡിക്ലറേഷനിൽ കേരള ഗ്രീൻ ഹൈഡ്രജൻ വാലി ഉൾപ്പെടുത്തിയിട്ടുള്ളത്. അതിന് ഒരു നോൺ പ്രോഫിറ്റ് കമ്പനി ഇപ്പോൾ തന്നെ രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ട്. തുടർനടപടികളുമായി പവർ മിനിസ്റ്ററും മിനിസ്ട്രിയും കൂടുതൽ ഇടപെടുന്നുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നല്ല രീതിയിലുള്ള ഏകോപനമുണ്ട്. ഈ പ്രോജക്ട് വളരെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സർക്കാർ ശ്രമിക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സംസ്ഥാനത്ത് സംരംഭങ്ങൾ ആരംഭിച്ചവർക്ക് ഗവൺമെന്റ് നൽകാനുള്ള സബ്സിഡികൾ കുറെക്കാലമായി നൽകാതെ കുടിശ്ശികയായി കിടക്കുകയാണ്. ആ കുടിശ്ശികകൾ ഉടൻതന്നെ കൊടുത്തുതീർക്കുമോ?

ശ്രീ. പി. രാജീവ്: സർ, വളരെ പ്രസക്തമായ ചോദ്യമാണിത്. നമ്മൾ പ്രതീക്ഷിച്ചതിനെക്കാളേറെ ഇൻവെസ്റ്റ്മെന്റും എന്റർപ്രൈസസുകളും വന്നതോടുകൂടി നമ്മുടെ ബജറ്റ് അലോക്കേഷനെക്കാൾ കൂടുതൽ എക്സ്പെൻഡീച്ചർ ഉണ്ടായി. കൂടുതൽ വ്യവസായങ്ങൾ വന്നതിനാൽ ബജറ്റ് അലോക്കേഷനെക്കാൾ കൂടുതൽ സഹായം ആവശ്യമാണെന്നകാര്യം

ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ട്. വ്യവസായങ്ങളുടെ കാര്യത്തിൽ ധനകാര്യ വകുപ്പ് എപ്പോഴും ഉദാരമായ സമീപനമാണ് സ്വീകരിക്കുന്നതെന്നതിനാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ആശങ്കയ്ക്ക് പരമാവധി വേഗത്തിൽ പരിഹാരമുണ്ടാക്കാനായി ശ്രമിക്കാം.

ശ്രീ. വി. ജോയി: സർ, നമ്മുടെ സംസ്ഥാനം നിക്ഷേപസൗഹൃദമായി മാറുകയാണ്. എന്നാലിവിടെ വ്യവസായം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് വ്യാപകമായൊരു ദുഷ്പ്രചാരണം നടക്കുന്നുണ്ട്. ഇവിടെ എത്ര സമയം കൊണ്ടാണ് ഒരു പുതിയ വ്യവസായം ആരംഭിക്കാൻ സാധിക്കുന്നത്?

ശ്രീ. പി. രാജീവ്: സർ, രണ്ട് മിനിട്ടുകൊണ്ട് സാധിക്കുമെന്ന് ഞാൻ പറഞ്ഞപ്പോൾ ചിലർ കളിയാക്കുകയുണ്ടായി, ഇങ്ങനെയാണോ എന്ന രീതിയിൽ. യഥാർത്ഥത്തിൽ ഈ സഭയ്ക്കാകെ അവകാശപ്പെട്ട നേട്ടമാണിത്, ഈ നിയമസഭയാണ് പ്രസ്തുത നിയമം പാസ്സാക്കിയത്. ഒരു ലൈസൻസുമില്ലാതെ മൂന്ന് വർഷമായിരുന്നു, മൂന്ന് വർഷം കഴിഞ്ഞ് ആറ് മാസത്തിനുള്ളിൽ ലൈസൻസ് നേടിയാൽ മതിയാകും എന്നതായിരുന്നു കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിയമസഭ പാസ്സാക്കിയത്. റെഡ്

കാറ്റഗറിയിൽ ഉൾപ്പെടാത്ത അമ്പത് കോടി രൂപയ്ക്ക് താഴെ ഇൻവെസ്റ്റ്മെന്റുള്ള ഏത് സ്ഥാപനവും ഒരു ലൈസൻസുമില്ലാതെ മൂന്നര വർഷം വരെ പ്രവർത്തിക്കാമെന്നത് ഈ നിയമസഭയിലെ നമ്മളെല്ലാപേരും ഒന്നിച്ചിരുന്ന് പാസ്സാക്കിയ നിയമമാണ്. മൂന്നര വർഷത്തിനുള്ളിൽ ഈ ലൈസൻസുകൾ നേടിയാൽ മതിയാകും. ഞങ്ങളും കൂടി സപ്പോർട്ട് ചെയ്തുകൊണ്ടാണ് രണ്ട് മിനിട്ട് കൊണ്ട് വ്യവസായം തുടങ്ങാൻ സാധിക്കുന്ന അവസ്ഥ കേരളത്തിലുണ്ടായതെന്ന് നമ്മൾ ഒരുമിച്ച് പറഞ്ഞാൽ വളരെ നല്ലത്. പ്രസ്തുത മാറ്റം ഇപ്പോൾ സംഭവിച്ചിട്ടുണ്ട്. അതേ രീതിയിൽതന്നെ നമുക്കിത് മുന്നോട്ട് കൊണ്ടുപോകാം.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമം വൻ വിജയമായിരുന്നു. ലോകത്തെ മുൻനിര കമ്പനികളടക്കം അതിൽ പങ്കെടുത്തിരുന്നു. ഏതെല്ലാം രാജ്യങ്ങളുടെ നയതന്ത്ര പ്രതിനിധികളാണ് പങ്കെടുത്തത്; അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; അടുത്ത വർഷം കൂടുതൽ വിപുലമായി എങ്ങനെയാണ് ഗവൺമെന്റിത് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി. രാജീവ്</u>: സർ, 26 രാജ്യങ്ങളുടെ അംബാസിഡർമാർ,

കോൺസുലേറ്റ് ജനറൽമാർ ഉൾപ്പെടെയുള്ള നയതന്ത്ര പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്. ലോകോത്തര കമ്പനികളുടെ പ്രതിനിധികളും ഇന്ത്യയിലെ കമ്പനികളും പങ്കെടുത്തിട്ടുണ്ട്. അതോടൊപ്പം കേരളത്തിൽ കാലങ്ങളായി ഇൻവെസ്റ്റ്മെന്റ് നടത്തുന്ന കമ്പനികളുടെ പ്രതിനിധികളും പങ്കെടുത്തിരുന്നു. ഉള്ളടക്കം കൊണ്ടും തയ്യാറെടുപ്പുകൊണ്ടുമാണ് കേരളത്തിൽ അടുത്തിടെ നടന്നതിൽ വച്ച് ഏറ്റവും മികച്ച സമ്മിറ്റായി മാറ്റാൻ നമുക്ക്കഴിഞ്ഞത്. അവിടെ നടന്ന എല്ലാ പാനൽ ഡിസ്കഷനുകളും സമ്പന്നമായിരുന്നു. ഓരോ മേഖലയിലെയും ലോകോത്തര വിദഗ്ധർ അതിൽ പങ്കെടുത്തു. അടുത്ത സമ്മിറ്റിനെക്കുറിച്ചല്ല ഇപ്പോൾ ആലോചിക്കുന്നത്. ഇപ്പോൾ വന്നതെങ്ങനെ പ്രായോഗികമായി..... കൺവേർഷൻ റേറ്റ്.... ഇന്ത്യയിലാകെ 10-15 ശതമാനം മാത്രമെ കൺവേർഷൻ റേറ്റ് ഉള്ളൂ. പരമാവധി കൺവേർഷനിൽ എത്തിക്കാനുള്ളൊരു മിഷൻ പോലെയാണ് പ്രവർത്തിക്കുക. അത് എല്ലാവരും ചേർന്ന് നടപ്പാക്കേണ്ടതാണ്. ട്രേഡ് യൂണിയനുകൾ ഉൾപ്പെടെയുള്ളവരുടെ യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിക്കുന്നുണ്ട്. അവരവരുടെ നിയോജകമണ്ഡലങ്ങളിൽ ഇതിന്റെ ഭാഗമായി വരുന്ന

പദ്ധതികൾ കൃത്യസമയത്തുതന്നെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ നിയമസഭാ സമാജികരുടെ മേൽനോട്ടവും മുൻകൈയും ഉണ്ടാകേണ്ടതുണ്ടെന്ന് ഈ സാഹചര്യത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

ശ്രീ. അഹമ്മദ് ദേവർകോവിൽ: സർ, ഈയിടെ എറണാകുളത്ത് നടന്ന ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ ഏതൊക്കെ കമ്പനികൾ എത്ര കോടി രൂപ കേരളത്തിൽ നിക്ഷേപിക്കുന്നതിന് തയ്യാറായിയെന്ന് വിശദമാക്കാമോ; വിഴിഞ്ഞവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ നിക്ഷേപങ്ങൾ വന്നിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, അതിന്റെ വിശദാംശങ്ങൾ ഡാഷ്ബോർഡിൽ അടുത്ത ദിവസം നൽകും. ഒരു ലക്ഷത്തി എഴുപത്തി അയ്യായിരം കോടിയോളം രൂപയാണ് ഏറ്റവും ഒടുവിൽ വന്നിട്ടുള്ളത്. അത് ഫിൽറ്റർ ചെയ്തശേഷം ഡാഷ് ബോർഡിൽ നൽകുന്നതായിരിക്കും. പേര് നൽകാമെന്ന് ഞാൻ പറഞ്ഞെങ്കിലും, ഇപ്പോൾ ചില അഭിപ്രായം ചിലർ പറയുന്നുണ്ട്. പല സ്റ്റേറ്റുകളും ഇങ്ങനെ നിൽക്കുന്നതുകൊണ്ട്....... ഞങ്ങളിവിടെ വളരെ പ്രധാനപ്പെട്ടൊരു ലോകോത്തര ഇ.വി. കമ്പനിയുമായി ചർച്ച നടത്തി പത്ത് ശതമാനം ലീസ് അടച്ചാൽ മതിയെന്ന് പറഞ്ഞത്

അവസാന റൗണ്ടിൽ എത്തിയതാണ്. എന്നാൽ ഒരാഴ്ച കഴിഞ്ഞപ്പോൾ ഒരു ഗ്രൂപ്പിന് മുഴുവൻ സ്ഥലവും ലഭിച്ചതിനാൽ അത് മറ്റൊരു സംസ്ഥാനത്തേയ്ക്ക് പോയി. ഈ ഭീതി ഉണ്ടെങ്കിലും നമ്മുടെ നാടായതിനാൽ ഈ പേരില്ലെങ്കിലതെന്തായിരിക്കും എന്നുള്ളതിനാലത് ഡാഷ്ബോർഡിൽ പ്രസിദ്ധപ്പെടുത്താം.

വിഴിഞ്ഞം വളരെ പൊട്ടൻഷ്യലാണ്. ഇവിടെ ബഹുമാനപ്പെട്ട തുറമുഖം വകുപ്പുമന്ത്രിയുണ്ട്. സൗത്ത് ഇന്ത്യയിലെ ഏറ്റവും കൂടുതൽ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നറുകൾ കൈകാര്യം ചെയ്ത പോർട്ടായി ഇന്നലെത്തന്നെ വിഴിഞ്ഞം മാറിയെന്നത് എല്ലാപേർക്കും അഭിമാനകരമാണ്. ഇന്ത്യയുടെ ഗേറ്റ്വേയാണ്. അതിനാവശ്യമായ മാനുഫാക്ചറിങ് സംവിധാനങ്ങളെങ്ങനെ മെച്ചപ്പെടുത്താമെന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. സാറഫ് ഗ്രൂപ്പ്, അദാനി ഗ്രൂപ്പ് തുടങ്ങിയവരെല്ലാം ലോജിസ്റ്റിക്കുമായി ബന്ധപ്പെട്ടുകൊണ്ട് വിഴിഞ്ഞത്തുള്ള സാധ്യതകൾ ......... ഒരു മാനുഫാക്ചറിങ് ക്ലസ്റ്റർ, ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നും അസംസ്കൃത വസ്തുക്കൾ കൊണ്ടുവരിക, അത് അസംബ്ലിൾ ചെയ്ത് പ്രോഡക്ട് ആയി കയറ്റുമതി ചെയ്യു, ഒരു സിംഗപ്പൂർ മോഡൽ, അതാണ് അവിടെ ചർച്ച

ചെയ്യപ്പെട്ടൊരു ഭാഗം. അത്തരം വലിയ നിക്ഷേപ സാധ്യതകൾ വിഴിഞ്ഞം തുറന്നുതരുന്നുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, വേൾഡ് ഇക്കണോമിക് ഫോറത്തിൽ ശ്രീ. പി. രാജീവ് പോയത് നന്നായി. കാരണം, പണ്ട് വേൾഡ് ഇക്കണോമിക് ഫോറത്തിന് ബദലായി ശ്രീ. എം. എ. ബേബിയും സീതാറാം യച്ചൂരിയുമൊക്കെ ബോംബെയിൽ ഒരു സമാന്തര സമ്മേളനം നടത്തിയത് ഞാൻ ഓർക്കുകയാണ്. കേരളം നിക്ഷേപ സൗഹൃദ സംസ്ഥാനമാകുന്നതിൽ ഇവിടെയാരും എതിരല്ല, ഞങ്ങളെല്ലാവരും അക്കാര്യത്തിൽ ഒന്നിച്ചാണ്. ഒന്നാം പിണറായി ഗവൺമെന്റിൽ ശ്രീ. ഇ. പി. ജയരാജൻ വ്യവസായ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് ASCEND എന്ന നിക്ഷേപസംഗമം നടത്തുകയുണ്ടായി. അതിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ വന്നുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, അക്കാര്യം പ്രത്യേകം ചോദിക്കേണ്ടതാണ്. GIM-ൽ എത്ര വന്നു, എമേർജിങ് കേരളയിൽ എത്ര വന്നു, ASCEND-ൽ എത്ര വന്നുവെന്ന് പത്ര സമ്മേളനത്തിൽ പത്രക്കാർ ചോദിച്ചു. ഞാൻ പറയുന്നത്, അതിന്റെയൊരു കണക്കെടുപ്പിലും മറ്റുമല്ല ഇനി നമ്മൾ

കേന്ദ്രീകരിക്കേണ്ടത്. അതിൽ നിന്നെല്ലാം നമ്മൾ പാഠം ഉൾക്കൊള്ളുകയാണ്. ബഹുമാനപ്പെട്ട മുൻവ്യവസായ വകുപ്പുമന്ത്രി ഇവിടെയുണ്ട്. അവർ നടത്തിയതുണ്ട്. ഞങ്ങൾ നടത്തിയതുണ്ട്. എന്തുകൊണ്ട് നമുക്കത് കൺവെർഷനിലേക്ക് എത്തിക്കാൻ സാധിച്ചില്ല; എന്തായിരുന്നു തടസ്സങ്ങൾ? അതാണ് ഞാൻ പറഞ്ഞത്, മൂന്ന് വർഷമെടുത്ത പ്രിപ്പറേഷൻ ഇതെല്ലാം പഠിച്ചിട്ടാണ്. ഇനിയിപ്പോൾ നമ്മൾ അതിലേക്ക് പോകാതെ ഇപ്പോൾ വന്നതെങ്ങനെ യാഥാർത്ഥ്യമാക്കാമെന്ന കാര്യത്തിൽ നമ്മൾ ഒന്നിച്ചുനിന്ന് പോകാമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി. നന്ദകുമാർ: സർ, സംരംഭക വർഷ പദ്ധതിക്ക് ദേശീയ/അന്തർദേശീയ ബഹുമതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ ഇയർ ഓഫ് എന്റർപ്രൈസസിന് പ്രധാനമന്ത്രിയുടെ ബെസ്റ്റ് പ്രാക്ടീസ് മോഡൽ ഫോർ പ്രൊമോട്ടിങ് എം.എസ്.എം.ഇ. എന്ന അംഗീകാരം ലഭിച്ചകാര്യം സഭയിൽത്തന്നെ അറിയിച്ചിരുന്നു. നാടിനാകെ ലഭിക്കുന്ന അംഗീകാരമാണ്, അമേരിക്കൻ സൊസൈറ്റി ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ അവരുടെ 87 വർഷത്തെ

ചരിത്രത്തിലാദ്യമായാണ് ഒരു ഇന്ത്യൻ പബ്ലിക് ഇനിഷ്യേറ്റീവിന് നോവൽ ഇന്നവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ എന്ന റെക്കഗ്നിഷൻ നൽകി ആദരിക്കുന്നത്. 28-03-2025 മുതൽ 01-04-2025 വരെ വാഷിംഗ്ടണിൽ നടക്കുന്ന 152 രാജ്യങ്ങൾ പങ്കെടുക്കുന്ന സമ്മേളനത്തിലേക്ക് പേപ്പർ അവതരിപ്പിക്കുന്നതിനായി മന്ത്രിയെന്നനിലയ്ക്ക് എനിക്കും പ്രിൻസിപ്പൽ സെക്രട്ടറിക്കും കെ.എസ്.ഐ.ഡി.സി. ഡയറക്ടർക്കും ഇൻവിറ്റേഷൻ ലഭിച്ചിട്ടുണ്ടെന്നകാര്യം അഭിമാനപൂർവം ഈ സഭയെ അറിയിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് നേരത്തെയിവിടെ മറുപടി പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്, റെഡ് കാറ്റഗറി ഒഴിച്ചുള്ള സ്ഥാപനങ്ങൾ മൂന്നര വർഷത്തിനുള്ളിൽ ലൈസൻസ് പ്രൊക്യൂർ ചെയ്താൽ മതിയെന്നുള്ള നിയമമിവിടെയുണ്ട്. ഇതിന്റെ ഭാഗമായി വരുമ്പോൾ, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ള കാര്യമാണെന്ന് ഞാൻ കരുതുന്നു, ടാർ മിക്സിംഗ് പ്ലാന്റുകൾ, പ്ലൈവുഡ് ഫാക്ടറികൾ തുടങ്ങിയ സമാന സ്വഭാവമുള്ള സ്ഥാപനങ്ങൾ ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലടക്കം കൂണുപോലെ പൊട്ടിമുളയ്ക്കുകയാണ്, പ്രത്യേകിച്ച് ഗ്രാമപ്രദേശങ്ങളിൽ. ഇത് വാട്ടർ പൊല്യൂഷൻ, എയർ പൊല്യൂഷനൊക്കെ ഉണ്ടാക്കുന്നതാണ്.

ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള നടപടി ഉണ്ടായാലെ മതിയാകു. അതുസംബന്ധിച്ച് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളെ സ്ട്രീംലൈൻ ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കൂണുപോലെ വ്യവസായ സ്ഥാപനങ്ങൾ കേരളത്തിൽ ആരംഭിക്കുന്നുവെന്ന് അറിയുന്നത് വളരെ സന്തോഷകരമാണ്. എന്നാലത് നിയന്ത്രിക്കാൻ കഴിയാവുന്ന രൂപത്തിലേക്ക് നമ്മുടെ നാട്...... ഇപ്പോൾ നമ്മളത് ഫെസിലിറ്റേറ്റ് ചെയ്യുകയാണ്. എന്നാൽ ഈ കാറ്റഗറി തീരുമാനിക്കുന്നത് വ്യവസായ വകുപ്പല്ല. പൊല്യൂഷനുമായി ബന്ധപ്പെട്ടാണ് റെഡ്, ഓറഞ്ച്, ഗ്രീൻ തുടങ്ങിയ കാറ്റഗറികൾ തീരുമാനിക്കുന്നത്. റെഡ് കാറ്റഗറിയിൽ ഉൾപെടുന്നതിനെല്ലാം ഈ പ്രശ്നങ്ങൾ ഉള്ളതിനാലാണ് നമ്മൾ പ്രൻസിപ്പൽ അപ്രൂവൽ നൽകാത്തത്. ബാക്കി എല്ലാത്തിനും പ്രിൻസിപ്പൽ അപ്രൂവൽ കൊടുക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുൾപ്പെടെയുള്ള കാര്യങ്ങൾ മറ്റ് ജനപ്രതിനിധികളും ഉന്നയിച്ചിട്ടുണ്ട്. ഇത് ഏത് കാറ്റഗറിയിലാണ് ഉൾപ്പെടുന്നത്, ഇങ്ങനെയുള്ള അഭിപ്രായങ്ങൾ വരുന്നുണ്ടല്ലോ തുടങ്ങിയ കാര്യങ്ങൾ പൊല്യൂഷൻ കൺട്രോൾ ബോർഡിനോട് പരിശോധിക്കാൻ

ആവശ്യപ്പെട്ടിട്ടുണ്ട്. റെഡ് കാറ്റഗറിയാണെങ്കിൽ അനുമതി നൽകില്ല. റെഡ് കാറ്റഗറിയല്ലെങ്കിൽ നമ്മളെല്ലാം ചേർന്ന് പാസ്സാക്കിയ നിയമത്തെ അടിസ്ഥാനപ്പെടുത്തി സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള അവസരമൊരുക്കും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കഴിഞ്ഞതൊന്നും നമ്മൾ ചർച്ച ചെയ്യേണ്ടായെന്ന് ബഹുമാനപ്പെട്ട വ്യവസായ മന്ത്രിയിവിടെ പറഞ്ഞു, അത് നല്ലത് തന്നെ. പക്ഷെ, ഇതുവരെയുണ്ടായ വമ്പിച്ച ഒരു നഷ്ടമുണ്ട്. ഈ ഒരു പോളിസി ചെയ്ഞ്ച് ഇടതുപക്ഷത്തിന് ഇപ്പോഴാണ് വന്നത്. എമർജിങ് കേരള വന്ന സമയത്ത് ഈ പബ്ലിക് സെക്ടർ റീ-സ്ട്രക്ച്ചർ ചെയ്തിരുന്നുവെങ്കിൽ ഇന്ന് സാമ്പത്തിക സ്ഥിതിക്ക് വലിയ ശോഷണം വരില്ലായിരുന്നു. വിദ്യാഭ്യാസത്തിന് വലിയ ചെലവാണെന്ന് ധനകാര്യ വകുപ്പുമന്ത്രി ഇന്ന് ഇവിടെ പറഞ്ഞു. വിദ്യാഭ്യാസത്തിന് ഇത്രയും ചെലവഴിക്കേണ്ട കാര്യമില്ല, പ്രൈവറ്റ് സെക്ടർ നോക്കിക്കൊള്ളുമെന്ന് ഞങ്ങളന്ന് പറഞ്ഞതാണ്. ഇന്നലെവന്നത് സ്വകാര്യ യൂണിവേഴ്സിറ്റി ബില്ലാണ്. ഇതൊക്കെ കുറച്ച് നേരത്തേ തോന്നിയിരുന്നുവെങ്കിൽ കേരളം എവിടെ എത്തുമായിരുന്നുവെന്ന് അങ്ങ് എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ; വൈകി ഉദിച്ച വിവേകംകൊണ്ട് സംസ്ഥാനം വലിയ കടക്കെണിയിലായി.

ഇനിയെങ്കിലും ഈ അബദ്ധം സംഭവിക്കാതിരിക്കാനായി ഇപ്പോഴെങ്കിലും നമ്മളിതെല്ലാം അലോചിക്കേണ്ടതുണ്ടെന്ന ചിന്തയുണ്ടോ?

ശ്രീ. പി. രാജീവ്: സർ, നമ്മളിപ്പോൾ എല്ലാവരും കൂടിചേർന്ന ഐക്യത്തിന്റെ അന്തരീക്ഷത്തെ ദുർബലപ്പെടുത്താവുന്ന ചരിത്ര വസ്തുതകൾ ചികഞ്ഞുവാരേണ്ടതില്ല എന്നതുകൊണ്ടാണ് ഞാൻ ചരിത്രം പറയാതിരുന്നത്. നിങ്ങളാരും പങ്കെടുത്തിരുന്നില്ല ഞങ്ങൾ പങ്കെടുക്കുന്നു എന്ന് അങ്ങ് അവിടെയും പറയുകയുണ്ടായി. " വാ... സഖാവെ..." GIM (Global Investors Meet) ഉദ്ഘാടന ചടങ്ങിലേക്ക് അന്നത്തെ പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്യുതാനന്ദനെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ക്ഷണിക്കുന്നു. (സഭയിൽ അന്നത്തെ പത്ര വാർത്തയുടെ കട്ടിങ്ങ് ഉയർത്തിക്കാട്ടി) അങ്ങ് ക്ഷണിച്ചതാണ്. നിങ്ങൾ പങ്കെടുത്തില്ലെങ്കിലും ഞങ്ങൾ പങ്കെടുക്കുന്നുവെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞപ്പോൾ ഞാൻ ഒന്നും പറഞ്ഞില്ല. കാരണം, ഇപ്പോൾ നമ്മളെല്ലാവരും ഒന്നിച്ച് നിൽക്കുകയല്ലേ? അതോടൊപ്പംതന്നെ അന്നത്തെ ചില യുവ എം.എൽ.എ.-മാരുടെ പ്രതികരണങ്ങളെല്ലാം നമ്മുടെ കൈയിലുണ്ട്. അങ്ങേയ്ക്കുതന്നെ അറിയാമല്ലോ അന്നത്തെ റവന്യൂ മന്ത്രിയുടെ തലേ ദിവസത്തെ പ്രതികരണം.

നിങ്ങളുടെ ഇടയിൽത്തന്നെ ഐക്യമുണ്ടായിരുന്നില്ല. അഞ്ച് യുവ എം.എൽ.എ.-മാർ ഈ സഭയിൽത്തന്നെയുള്ളവർ ഞാൻ അവരുടെ പേരൊന്നും പറയുന്നില്ല, അവർ എന്താണ് പറഞ്ഞിരുന്നതെന്നും ബ്ലോഗിൽ എഴുതിയതെന്താണെന്നും അറിയാമല്ലോ? ഞാൻ ഇത് പറയാതിരിക്കുന്നത്, ഇപ്പോൾ നമ്മളിത് പറയേണ്ട കാര്യമില്ല. അന്ന് നിങ്ങൾക്കിടയിലും തർക്കമുണ്ടായി. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ പ്രസംഗവും വളരെ കൃത്യമായിട്ടുണ്ട്. ഞാനിതിപ്പോൾ ഇവിടെ മുഴുവൻ വായിക്കുന്നില്ല. ഇതിൽ അദ്ദേഹം പറയുന്നത്, ‘ I want to set aside all apprehensions regarding the position of the Opposition, and make it clear, in no uncertain terms, that the Left Democratic Front (LDF), led by the CPI(M) is fully committed to promoting all genuine proposals of investment. I am happy to let you know that, there is consensus among political parties of the State and the State of Kerala needs more investment for stepping up the tempo of development, even to sustain the past gains of our celebrated Kerala Model of Development. I am glad, therefore to assure you that, there would be continuity of state policy in Kerala

in promoting ‘ genuine’ investment proposals’ , എന്നാണ്. ഇത് ശ്രീ. വി. എസ്. അച്ചുതന്ദന്റെ അന്നത്തെ പ്രസംഗമാണ്. പക്ഷേ, അന്നത്തെ സാഹചര്യത്തിലെ പ്രസംഗം കഴിഞ്ഞു. നിങ്ങൾക്കിടയിൽ തർക്കങ്ങളും പല പ്രശ്നങ്ങളുമുണ്ടായി. ഇതൊരു ഇൻവെസ്റ്റ് സബ്മിറ്റായി കാണേണ്ട ഒരു പ്രചാരണ സന്ദർഭമായി കണ്ടാൽ മതിയെന്ന് അന്നത്തെ മുഖ്യമന്ത്രി തന്നെ പറഞ്ഞു. നമ്മളിപ്പോൾ ആ ചരിത്രത്തിലേക്ക് അധികം പോകാതിരിക്കുന്നത്....

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, മാറ്റം വന്നുവെന്ന വസ്തുത സമ്മതിച്ചാൽ മതി. (മൈക്ക് ഓഫ്).

മി. സ്പീക്കർ: യെസ്... യെസ്...

ശ്രീ. പി. രാജീവ്: സർ, എല്ലാകാലത്തും എല്ലാവരും ഇന്നലെകളിൽനിന്ന സ്ഥലത്തുതന്നെ നിൽക്കില്ലല്ലോ; മാറിവരുന്ന സാഹചര്യങ്ങൾക്കനുസരിച്ച് നിലപാട് സ്വീകരിക്കും. ഞാൻ പറഞ്ഞുവന്ന കാര്യം, അന്നത്തെ കാലഘട്ടത്തിലും അന്നത്തെ പ്രതിപക്ഷനേതാവ് വളരെ കൃത്യമായി അങ്ങ് സംഘടിപ്പിച്ച വേദിയിൽ വന്നുതന്നെ പ്രതിപക്ഷത്തിന്റെ എല്ലാ പിന്തുണയും നൽകിയിരുന്നു. 'വഴി അടച്ചും തുറന്നും വി. എസ്',

(സഭയിൽ അന്നത്തെ പത്ര വാർത്തയുടെ കട്ടിങ് കാണിച്ചു.)

മി. സ്പീക്കർ: യെസ്... യെസ്....

ശ്രീ. പി. രാജീവ്: സർ, ഇതൊരു ചരിത്രമായതുകൊണ്ടും അദ്ദേഹം ചോദിച്ചതുകൊണ്ടുമാണ് പറയുന്നത്. അല്ലാതെ ഞാൻ ഇത് പറയാൻ ഉദ്ദേശിച്ചതല്ല. അന്നത്തെ നാല് എം.എൽ.എ.-മാരുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും ചർച്ചകൾ (സഭയിൽ അന്നത്തെ പത്ര വാർത്തയുടെ കട്ടിങ് ഉയർത്തിക്കാണിച്ചു.) ഇത് അന്നത്തെ കാബിനറ്റ് ഉൾപ്പെടെ ചർച്ച ചെയ്തതാണ്. വ്യവസായ വകുപ്പിന്റെ അംഗീകാരമെന്ന് പറയുമ്പോൾ, ഞാൻ ഈ സഭയിൽ കൃത്യമായി പറയുന്നു, ഞങ്ങളുടെ വകുപ്പിന്റെ മാത്രം നേട്ടമല്ല. ധനകാര്യം, കൃഷി തുടങ്ങി എല്ലാ വകുപ്പുകളും ചേർന്നിട്ടുള്ള പ്രവർത്തനം കൊണ്ടേ കഴിയുകയുള്ളൂ. അതുകൊണ്ട് എല്ലാവരും ചേർന്നുപോകേണ്ടതുണ്ട്. ചരിത്രത്തിലേക്ക് നമ്മൾ പോകാതെ, പുതിയ വിവാദങ്ങൾക്ക് വഴിതുറക്കാതെ ഇപ്പോൾ വന്നിട്ടുള്ളത് യാഥ്യാർഥ്യമാക്കാൻ പ്രതിപക്ഷ നേതാവും പ്രതിപക്ഷ ഉപനേതാവും അവിടെ വന്ന് പിന്തുണ നൽകിയതിന് ഈ സഭയിൽ ഞാൻ പ്രത്യേകം നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, യു.ഡി.എഫ്.

ഗവൺമെന്റിന്റെ കാലത്ത് ഗ്ലോബൽ ഇൻവെസ്റ്റ്മെന്റ് മീറ്റ് നടത്തിയപ്പോൾ ചില വിമർശനങ്ങളുണ്ടായെന്ന് പറഞ്ഞു. ആ വിമർശനം എന്തായിരുന്നു; ഈ വരുന്ന പ്രൊപ്പോസലുകൾ ഒരു ടെക്നിക്കൽ കമ്മിറ്റിയെ വച്ച് പരിശോധിക്കണമെന്ന നിർദേശം പാർട്ടിക്കകത്തുനിന്നും വന്നു. ഞാൻ അടക്കമുള്ള അന്നത്തെ ചെറുപ്പക്കാരായ എം.എൽ.എ.-മാർ ആ നിർദേശം വച്ചു. അന്നത്തെ മുഖ്യമന്ത്രി ഉമ്മൻചാണ്ടി വ്യവസായ വകുപ്പുമന്ത്രിയോടുകൂടി ആലോചിച്ച് ഈ വരുന്ന പ്രൊപ്പോസലുകൾ പരിശോധിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു. ആ പരിശോധനയുടെ ഭാഗമായി 24 പ്രൊപ്പോസലുകൾ വേണ്ടെന്ന് ചീഫ് സെക്രട്ടറി റിപ്പോർട്ട് നൽകുകയും ചെയ്തു. ഞങ്ങളൊക്കെ ആരോഗ്യകരമായ വിമർശനങ്ങൾ പാർട്ടിക്കകത്തും ഗവൺമെന്റിനകത്തും നടത്തുന്ന ആളുകളാണ്. ആ വിമർശനം പൂർണ്ണമായി സ്വീകരിച്ചുകൊണ്ടാണ് അന്നത്തെ മുഖ്യമന്ത്രിയും വ്യവസായ വകുപ്പുമന്ത്രിയും ആ നടപടി സ്വീകരിച്ചത്. ഇപ്പോൾ ആ സ്ക്രീനിങ് ഉണ്ടായിരുന്നില്ല. 500 കോടി രൂപയിൽ കൂടുതൽ ഇൻവെസ്റ്റ് ചെയ്യുന്നവരുടെ കൂടെ ഫോട്ടോ എടുക്കുമെന്നാണ് ഇപ്പോൾ പറഞ്ഞത്. ഫോട്ടോ എടുക്കാൻ വേണ്ടി ചിലർ 500 കോടി രൂപ എന്ന് എഴുതിക്കൊടുക്കും. എല്ലാം ഫേക്ക്

ആണെന്നല്ല പറഞ്ഞത്. അതുപോലുള്ള സംഭവങ്ങൾ നടക്കാതിരിക്കാൻവേണ്ടി സ്ക്രീനിങ് ഉണ്ടാകണമെന്നാണ് അന്ന് ആവശ്യപ്പെട്ടതെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ?

ശ്രീ. പി. രാജീവ്: സർ, അതിലൊരു ചെറിയ പ്രശ്നമുള്ളത്, അങ്ങ് പറഞ്ഞ ഒരു ഭാഗം വളരെ കറക്ടാണ്. പാർട്ടിക്കകത്തും ഗവൺമെന്റിനകത്തും ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യണമായിരുന്നു. ഗ്രീൻ തോട്ട്സ് കേരള എന്നൊരു ബ്ലോഗ് ഉണ്ടായിരുന്നു. ആ ബ്ലോഗിലാണ് ശ്രീ. വി. ഡി. സതീശൻ, ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. എം. വി. ശ്രേയാംസ് കുമാർ, ശ്രീ. വി. ടി. ബൽറാം, ശ്രീ. കെ. എം. ഷാജി, ശ്രീ. ഹൈബി ഈഡൻ ഉൾപ്പെടെയുള്ളവർ എഴുതിയത്. അങ്ങനെ എഴുതാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം, പുറത്തുനിന്ന് ഇൻവെസ്റ്റർമാർ വരാൻ നിൽക്കുമ്പോൾ ഭരണകക്ഷിക്കകത്തുതന്നെ തർക്കമുണ്ടെന്ന പ്രതീതി സൃഷ്ടിക്കപ്പെട്ടാൽ അവർക്ക് താല്പര്യം കുറയും. അങ്ങ് എടുത്ത ആ നിലപാട് പാർട്ടികകത്തും ഗവൺമെന്റിനകത്തുമായിരുന്നെങ്കിൽ അത് സ്വാഗതാർഹമാണ്. പക്ഷേ പബ്ലിക് ഡൊമൈനിലേക്ക് കൊടുക്കുമ്പോൾ കേരളത്തിലേക്ക് വരാനിരിക്കുന്ന ഇൻവെസ്റ്റർമാർ ചിലപ്പോൾ ടിക്കറ്റ് കാൻസൽ ചെയ്യും.

അതുകൊണ്ടാണ് തുടക്കത്തിൽ പറഞ്ഞത്, ഈ സമയത്ത് വിവാദം പാടില്ലെന്ന്. അദ്ദേഹം പറഞ്ഞൊരു ഭാഗം, ഈ ഇൻവെസ്റ്റ്മെന്റ് മീറ്റിൽ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് സമാപന ചടങ്ങിനുണ്ടായിരുന്നതായി ഞാൻ പറഞ്ഞിരുന്നു. പ്രിപ്പറേറ്ററി മീറ്റിങ്ങിന് വന്നിട്ടുള്ള 48 ഇൻവെസ്റ്റ്മെന്റ് പ്രൊപ്പോസലുകളാണ് നല്ലൊരു ഭാഗം. ബാക്കി വന്നത് ഒരു സംവിധാനം വഴി നമ്മൾ പരിശോധിക്കുന്നുണ്ട്. ഇതുകൂടാതെ ഇത് തുടങ്ങുന്നതിന് മുമ്പുതന്നെ മന്ത്രിസഭ വിശദമായി പദ്ധതി പൂർണ്ണമായും ചർച്ച ചെയ്ത് ചീഫ് സെക്രട്ടറി നിലവിലുള്ള ഒരു കമ്മിറ്റിയെ നിയോഗിച്ച് കഴിഞ്ഞിട്ടുണ്ട്. അതെല്ലാം നിങ്ങളുടെ അനുഭവം നോക്കിയിട്ടാണ്. നേരത്തെ അങ്ങ് സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങളും അനുഭവങ്ങളും നോക്കിയതിനുശേഷം തുടങ്ങുന്നതിന് മുമ്പുതന്നെ മന്ത്രിസഭ ചർച്ച ചെയ്തു. അന്നത്തെ മന്ത്രി ഇപ്പോൾ ഞങ്ങളുടെകൂടെയുള്ള മന്ത്രിവരെ അവിടെയുണ്ടായിരുന്നു. ആ മന്ത്രി അന്ന് പറഞ്ഞത് കാബിനറ്റ് അറിഞ്ഞില്ലെന്നാണ്. ശ്രീ. അടൂർ പ്രകാശ് പറഞ്ഞിട്ടുണ്ട്. ഇതെല്ലാം അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. ഞങ്ങളിപ്പോൾ അത് ചികയാതിരിക്കുന്നത് അതിൽനിന്നും പാഠം ഉൾക്കൊണ്ട് അതിനാവശ്യമായ

തയ്യാറെടുപ്പുകൾ നടത്തി. ഇപ്പോൾ നമ്മളും നിങ്ങളും ഒന്നിച്ചുപോകുന്നു, നല്ല അന്തരീക്ഷമുണ്ട്. ഇത് മുന്നോട്ടുകൊണ്ടുപോയാൽ ഭാവി തലമുറയോട് നമുക്ക് നീതി പുലർത്താൻ കഴിയും. പി. 04.03.2025 പി.എസ്./എസ്.ആർ.(1) 09:40 - 09:50 ബി.സി.

3(*183) <u>വിഴിഞ്ഞം - ബാലരാമപുരം ഭൂഗർഭ റെയിൽപാത നിർമ്മാണം</u>

<u>ശ്രീ. ഡി. കെ. മുരളി</u>:

<u>ശ്രീ. കെ. ആൻസലൻ</u>:

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>:

<u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണതോതിലാകുന്നതോടെ തുറമുഖത്തെ ചരക്കുനീക്കം സുഗമമാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് പ്രത്യേകമായ പരിശോധനകളും വിലയിരുത്തലുകളും നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത വിഴിഞ്ഞം മുതൽ ബാലരാമപുരം വരെയുള്ള ഭൂഗർഭ റെയിൽപാതയ്ക്കുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിന്

ആരെയാണ് ചുമതലപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) ഡി.പി.ആർ.-ന് ദക്ഷിണ റെയിൽവേയുടെ അനുമതിയും കേന്ദ്ര മന്ത്രാലയത്തിന്റെ പാരിസ്ഥിതികാനുമതിയും ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത റെയിൽപാതയുടെ നിർമ്മാണത്തിനായി ഏതെങ്കിലും കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെയാണെന്നും അത് സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം എന്താണെന്നും വിശദമാക്കാമോ?

(എ) തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ ട്രയൽ ഓപ്പറേഷൻ 11 ജൂലൈ 2024-ൽ തുടങ്ങുകയുണ്ടായി. പോർട്ടിന്റെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 3, ഡിസംബർ 2024 മുതൽ ആരംഭിക്കുകയും ചെയ്തു. പോർട്ടിൽനിന്നും പുറത്തേക്കും അകത്തേക്കുമുള്ള ചരക്ക് നീക്കത്തിനായി റോഡ്, റെയിൽ സംവിധാനങ്ങൾ ഒരുക്കുന്നതും പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നു. തുറമുഖത്തെ ചരക്ക് നീക്കം സുഗമമായി നടക്കുന്നതിന് പ്രത്യേക പഠനങ്ങളും വിലയിരുത്തലുകളും നടത്തിയാണ് പദ്ധതിക്ക് ആവശ്യമായ റോഡ്-റെയിൽ കണക്റ്റിവിറ്റി

പദ്ധതികൾ ആവിഷ്കരിക്കുന്നത്.

പോർട്ടിൽനിന്നും NH66-മായി ബന്ധിപ്പിക്കുന്ന 1.7 km പോർട്ട് റോഡിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. പോർട്ട് റോഡ് NH66 മായിട്ടുള്ള ഇന്റർസെക്ഷൻ സ്കീം NHAI-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ദക്ഷിണ റെയിൽവേയുമായി ബന്ധിപ്പിക്കുന്ന റെയിൽപാതയുടെ സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. ദക്ഷിണ റെയിൽവേയുടെ ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 km നീളമുള്ള റെയിൽ പാതയിൽ, ഭൂമിശാസ്ത്രപരമായ പ്രത്യേകതമൂലം 9.43 km തുരങ്കപാതയായാണ് വിഭാവനം ചെയ്തിട്ടുള്ളത്.

(ബി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ഏറ്റവും അടുത്തുള്ള ദക്ഷിണ റെയിൽവേയുടെ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി വിവിധ ഏജൻസികളെകൊണ്ട് പഠനം നടത്തുകയുണ്ടായി. തുറമുഖത്തെ ദക്ഷിണ റെയിൽവേയുമായി ബന്ധിപ്പിക്കുന്നതിനായി വിവിധ ഏജൻസികൾ നടത്തിയ പഠനങ്ങൾ വിലയിരുത്തുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമായി 2018-ൽ

കൊങ്കൺ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തി MoU ഒപ്പുവയ്ക്കുകയും 2019-ൽ തുറമുഖത്തിനെ ദക്ഷിണ റെയിൽവേയുടെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ പാതയുടെ ഡി.പി.ആർ. തയ്യാറാക്കി ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു.

(സി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽ പാതയുടെ ഡി.പി.ആർ.-ന് 16-03-2022-ൽ ദക്ഷിണ റെയിൽവേയുടെ അംഗീകാരം ലഭിച്ചു. ഈ പാതയുടെ പാരിസ്ഥിതികാനുമതി 17-07-2024-ന് കേന്ദ്ര പാരിസ്ഥിതിക വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത റെയിൽ പാതയുടെ നിർമ്മാണ ചുമതല MoU പ്രകാരം കൊങ്കൺ റെയിൽ കോർപ്പറേഷനാണ്. പദ്ധതിയുടെ വിവിധഘട്ടങ്ങളുടെ നിർമ്മാണത്തിനായി സുതാര്യ ടെൻഡർ മുഖാന്തരം യോഗ്യരായ നിർമ്മാണ കമ്പനികളെ കണ്ടെത്തുന്നതാണ്. നിലവിൽ നിർമ്മാണ കമ്പനികളെ ഒന്നുംതന്നെ തിരഞ്ഞെടുത്തിട്ടില്ല.

ശ്രീ. ഡി. കെ. മുരളി: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

യാഥാർഥ്യമാകുന്നതിൽ ഒന്നും രണ്ടും പിണറായി ഗവൺമെന്റുകളുടെ ഇടപെടൽ ഭാവിചരിത്രത്തിൽ തിളക്കമാർന്ന ഒരു അധ്യായം എഴുതിച്ചേർക്കുമെന്നുള്ളതിന് സംശയമില്ല. എന്റെ ചോദ്യം, അന്താരാഷ്ട്ര തുറമുഖം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; തുറമുഖത്തിൽ നാളിതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; ഇത് രണ്ടും വിശദമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ട്രയൽ റൺ ഏതാണ്ട് ജൂലൈ മുതൽ ഡിസംബർ 3 വരെയായിരുന്നു. അതിനുശേഷം വാണിജ്യാടിസ്ഥാനത്തിൽ തുടങ്ങി ഇതിനോടകം 193 ഷിപ്പ് വന്നിരിക്കുന്നു. ഏതാണ്ട് 3.83 ലക്ഷം TEU, കൈകാര്യം ചെയ്ത് കഴിഞ്ഞിരിക്കുന്നു.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, ഫസ്റ്റ് ഫേസ് വിജയത്തിലെത്തി. തുറമുഖത്തിന്റെ തുടർവികസനത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നത്?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, രണ്ടും മൂന്നും നാലും ഘട്ടം എഗ്രിമെന്റ് വച്ച് 2028-ൽ പൂർത്തീകരിക്കും. അതിനാവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുന്നു.

ശ്രീ. കെ. ആൻസലൻ: സർ, വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ടുകൊണ്ട് അനാവശ്യ സമരങ്ങൾ ഉയർത്തിക്കൊണ്ടുവന്നത് നമുക്ക് ഓർമ്മയുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയുടെ ഒരു കുറിപ്പ് കണ്ടു. പുനരധിവാസത്തിനായി മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് 9 കോടി രൂപ അനുവദിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിരുന്നു. എന്റെ ചോദ്യം, ഒന്നാംഘട്ടത്തിന്റെ പരിസ്ഥിതികാനുമതി നൽകിയപ്പോൾ നിഷ്കർഷിച്ചിരുന്ന പുതിയ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയായോ അതുസംബന്ധിച്ച് ഒരു വിശദീകരണം നൽകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതുസംബന്ധിച്ച് പൂനെയിലെ CWPRS (The Central Water and Power Research Station)-മായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് വന്നിട്ടുണ്ട്. മത്സ്യത്തൊഴിലാളി സംഘടനകളും അവിടത്തെ ബന്ധപ്പെട്ട സംഘവുമായി ചർച്ച ചെയ്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സമീപകാല ഭാവിയിൽ 18 മാസം കൊണ്ട് തീർക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, അത്ഭുതകരവും അസൂയാവഹവുമായ പുരോഗതിയാണ് കേരളത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിച്ചതുമുതൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ വികസന ഘടകങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; റെയിൽ കണക്ടിവിറ്റിയുടെ കാര്യത്തിൽ 2024-ലെ കണക്കനുസരിച്ച് മൊത്തം ചെലവ് എത്രയാണ്; ഏതൊക്കെ വില്ലേജുകളിലാണ് സ്ഥലമേറ്റെടുക്കൽ പ്രവർത്തനം നടക്കുന്നത് തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, റെയിൽ കണക്ടിവിറ്റി 10.7 കിലോമീറ്ററാണ്. അതിൽ 9.42 കിലോമീറ്റർ തുരങ്കപാതയാണ് വരുന്നത്. അതിൽ പ്രധാനമായും ബാലരാമപുരം, പള്ളിച്ചൽ അടക്കമുള്ള വില്ലേജുകളിലാണ് ഭൂമി ഏറ്റെടുത്തുകൊണ്ടിരിക്കുന്നത്. അതിന്റെ പാരിസ്ഥിതികാഘാത പഠനവും മറ്റ് സാമൂഹിക ആഘാത പഠന റിപ്പോർട്ടും ലഭിച്ചത് കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. അത് 2028-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീ. ഐ. ബി. സതീഷ്: സർ, റെയിൽ കണക്ടിവിറ്റിക്കുവേണ്ടി

ഏതൊക്കെ വില്ലേജുകളിൽനിന്ന് എത്ര ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടി വരുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇവിടെ അക്കാര്യം നേരത്തെ സൂചിപ്പിച്ചതാണ്. ബാലരാമപുരം, പള്ളിച്ചൽ, അതിയന്നൂർ എന്നീ മൂന്ന് വില്ലേജുകളിലായി 4.53 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് തീരുമാനമെടുത്ത് കഴിഞ്ഞു.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വളരെ മികച്ച രീതിയിൽ പറഞ്ഞ സമയത്തിനുമുമ്പ് പൂർത്തീകരിച്ച് വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. അതിനടുത്തായി ലോജിസ്റ്റിക് പാർക്കുകളും കയറ്റുമതിക്കും ഇറക്കുമതിക്കും സാധ്യതയുള്ള മറ്റ് വ്യവസായ പാർക്കുകളും തുടങ്ങുന്നതിനുവേണ്ടി ആലോചിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകം അതുസംബന്ധിച്ചുള്ള ആലോചനകൾ നടന്നിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ വച്ച് വ്യവസായ വകുപ്പുകൂടി മുൻകൈയെടുത്ത് കോൺക്ലേവ് സംഘടിപ്പിച്ച് ഭാവി പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകി മുന്നോട്ടുപോകുകയാണ്.

ശ്രീ. സജീവ് ജോസഫ്: സർ, 1907-ൽ ബ്രിട്ടീഷുകാർ വിഭാവനം ചെയ്ത തലശ്ശേരി-മൈസൂർ റെയിൽവേ പാത എന്ന സ്വപ്ന പദ്ധതി ഇപ്പോഴും അവഗണിക്കപ്പെടുകയാണ്. കേരളത്തിൽ ആകെ ഗുണം ചെയ്യുന്ന ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ കേന്ദ്ര സർക്കാരിൽ കടുത്ത സമ്മർദ്ദം സംസ്ഥാന സർക്കാർ ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികളും ഇപ്പോഴത്തെ സ്ഥിതിയും വ്യക്തമാക്കാമോ?

ശ്രീ. വി. എൻ. വാസവൻ: സർ, ചോദ്യവുമായി ബന്ധമില്ലാത്ത വിഷയമാണിത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, തദ്ദേശീയരായ യുവതീ-യുവാക്കൾക്ക് തുറമുഖവുമായി ബന്ധപ്പെട്ട മേഖലയിൽ പരിശീലനം നേടാൻ നൈപുണ്യ പരിശീലന കേന്ദ്രം വിഴിഞ്ഞത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; അത്തരം കേന്ദ്രങ്ങളിൽ തുറമുഖത്തിനാവശ്യമായ വിവിധ തൊഴിൽ മേഖലയിലേക്കുള്ള കോഴ്സുകളും പരിശീലനവും നൽകാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇതിനോടകംതന്നെ അസാപ് സെന്റർ ആരംഭിച്ച് പരിശീലനം നടത്തിവരികയാണ്. ആ പരിശീലനം സിദ്ധിച്ചുവരുന്നവർക്ക് അവിടെ നിയമനവും നൽകി തുടങ്ങിയിട്ടുണ്ട്.

## എം.എസ്.എം.ഇ.-യുടെ നിർവചനത്തിലെ മാറ്റം

4(*184) ശ്രീ. സി. ആർ. മഹേഷ്
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈയിൽ കേന്ദ്ര സർക്കാർ എം.എസ്.എം.ഇ.-കളുടെ നിർവചനത്തിൽ മാറ്റംവരുത്തിയിരുന്നോ; എങ്കിൽ മാറ്റമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാറ്റത്തിനുശേഷം ഉദ്യം പോർട്ടലിൽ രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളുടെയും എം.എസ്.എം.ഇ.-കളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത മാറ്റത്തെത്തുടർന്ന് കേരളത്തിലെ എം.എസ്.എം.ഇ.-കളുടെ എണ്ണത്തിലും ഗണ്യമായ വർധനവ് സംഭവിച്ചുവെന്നത് വസ്തുതയാണോ; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

കേന്ദ്ര സർക്കാരിന്റെ 02-07-2021-ലെ 5/2(2)/2021-E/P&G/Policy No. ഓഫീസ് മെമ്മോറാണ്ടം പ്രകാരം റീട്ടെയിൽ, മൊത്തവ്യാപാര സംരംഭങ്ങളെ ഉദ്യം രജിസ്ട്രേഷന് പരിഗണിക്കുന്ന എം.എസ്.എം.ഇ.-കളുടെ പട്ടികയിൽ കേന്ദ്ര സർക്കാർ ഉൾപ്പെടുത്തി. ഈ നയം മാറ്റം റീട്ടെയിൽ, മൊത്തവ്യാപാരികൾക്ക് ബാങ്കുകളിൽനിന്നുള്ള മുൻഗണനാ മേഖലയിലുള്ള വായ്പാ ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സാമ്പത്തിക സേവനങ്ങളിലേക്ക് മികച്ച പ്രവേശനം നൽകി. റീട്ടെയിൽ, മൊത്തവ്യാപാര സംരംഭങ്ങളെ എം.എസ്.എം.ഇ.-കളായി രജിസ്റ്റർ ചെയ്യാൻ അനുമതി നൽകിയതുവഴി കൂടുതൽ ഹോൾസെയിൽ-റീട്ടെയിൽ ബിസിനസ്സുകളെ അവരുടെ നിക്ഷേപത്തിന്റെയും വിറ്റുവരവിന്റെയും അടിസ്ഥാനത്തിൽ ഔപചാരികമായി അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

(ബി) കേന്ദ്ര സർക്കാരിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മന്ത്രാലയമാണ് ഉദ്യം പോർട്ടൽ കൈകാര്യം ചെയ്യുന്നത്. മറ്റു സംസ്ഥാനങ്ങളിലെ എം.എസ്.എം.ഇ.-കളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ടോയെന്ന കാര്യത്തിൽ വ്യക്തതയില്ല. കേന്ദ്ര എം.എസ്.എം.ഇ. മന്ത്രാലയത്തിൽനിന്ന് മാത്രമെ പ്രസ്തുത വിവരം

ലഭ്യമാകുകയുള്ളൂ.

(സി) വർധനവുണ്ടായിട്ടുണ്ട്. 2021-ൽ ഉദ്യം രജിസ്ട്രേഷൻ നേടിയ സംരംഭങ്ങളുടെ എണ്ണം 78748 മൈക്രോ, 5771 സ്മോൾ, 625 മീഡിയം ഉൾപ്പെടെ ആകെ 85143 ആയിരുന്നു. എന്നാൽ നിലവിൽ 799715 മൈക്രോ, 19305 സ്മോൾ, 1479 മീഡിയം, 632433 IMEs ഉൾപ്പെടെ ആകെ 1452932 സംരംഭങ്ങൾ ഉദ്യം അസിസ്റ്റ് പ്ലാറ്റ്ഫോറം ഉൾപ്പെടെ രജിസ്ട്രേഷൻ നേടിയിട്ടുണ്ട്.

അതായത് യൂണിയൻ ഗവൺമെന്റിന്റെ കണക്ക് പ്രകാരം 13,67,789 പുതിയ രജിസ്ട്രേഷൻ 2021-നുശേഷം കേരളത്തിൽ വന്നിട്ടുണ്ട്. IMEs എന്ന ഭാഗം ഒഴിവാക്കിയാൽപോലും ഇവരുടെ രജിസ്ട്രേഷൻ പ്രകാരം ആകെ 7,35,356 സംരംഭങ്ങളുടെ വർധനവാണ് കേന്ദ്ര സർക്കാർ 2021-ൽ വരുത്തിയ മാറ്റം മുഖേന സംസ്ഥാനത്തുണ്ടായിട്ടുള്ളത്.

ശ്രീ. സി. ആർ. മഹേഷ്: സർ, സമുദ്രാഷ്ഠിത വ്യവസായങ്ങൾക്ക് വൻ സാധ്യതകളാണ് നമ്മുടെ നാട്ടിലുള്ളത്. ജലഗതാഗതം, ചരക്കുനീക്കം, ഉല്ലാസയാത്രകൾ സമുദ്ര ഉൽപ്പന്നങ്ങളുടെ നിർമ്മാണം-കയറ്റുമതി-വിപണനം എന്നിവയിലെല്ലാം വൻ നിക്ഷേപ സാധ്യതകളാണ് കേരളത്തിലുള്ളത്. ഈ

കഴിഞ്ഞ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഈ മേഖലയിൽ ഏതെങ്കിലും സംരംഭങ്ങൾ ആരംഭിക്കുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. കേരളത്തിന്റെ സാധ്യതയുള്ള മേഖലകളോടൊപ്പമാണ് അതിനെയും ഉൾപ്പെടുത്തിയിട്ടുള്ളത്. കരാറിലൊന്നും ഏർപ്പെട്ടിട്ടില്ലെങ്കിലും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. അതിൽ ഈ മേഖലയിൽനിന്നുള്ള സംരംഭങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അതുസംബന്ധിച്ച പ്രത്യേകമായ ലിസ്റ്റ് ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട അംഗത്തിന് നൽകുന്നതാണ്.

ശ്രീ. സി. ആർ. മഹേഷ്: സർ, ഏകദേശം ഒരു ലക്ഷം തൊഴിലാളികൾ ജോലി ചെയ്തിരുന്ന ഒരു വലിയ മേഖലയാണ് കയർ മേഖല. ഇന്നത് ഇരുപതിനായിരം പേർ മാത്രമായി ചുരുങ്ങിയിരിക്കുകയാണ്. തൊഴിലാളികളിൽ ഭൂരിഭാഗവും സ്ത്രീകളാണ്. ഗാർഹിക കയർപിരി സഹകരണ സംഘങ്ങൾ, കയറ്റുമതിക്കാർ മുതലായ മേഖലകളിലാണ് ഇത് വ്യാപിച്ചുകിടക്കുന്നത്. കേരളത്തിലെ തീരദേശ ഗ്രാമീണ മേഖലകളിലെ പ്രധാനപ്പെട്ട സ്രോതസ്സായിരുന്നു കയർ വ്യവസായം. ഈ വ്യവസായം

മെച്ചപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇത് പ്രധാന ചോദ്യവുമായി ബന്ധപ്പെട്ടതല്ലെങ്കിലും വളരെ പ്രാധാന്യവും ഗൗരവുമുള്ള ഒരു പ്രശ്നം തന്നെയാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. കയർ മേഖല കുറച്ചുകാലമായി പ്രതിസന്ധി നേരിടുന്നുണ്ട്. അതിനെക്കുറിച്ച് സമഗ്രമായി പഠിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുകയും ആ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വൈവിധ്യമാർന്ന പുതിയ ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുക, പ്രൊഡക്ഷൻ കോസ്റ്റ് കുറയ്ക്കുക, സൊസൈറ്റികളെ കുറച്ചുകൂടി കാര്യക്ഷമമാക്കുക തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ ദിവസം ഞാൻ സഭയിൽ വ്യക്തമാക്കിയതുപോലെ, കയർ, കൈത്തറി, കശുവണ്ടി എന്നീ മൂന്ന് മേഖലകളിലെയും വിദഗ്ധ സമിതിയുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ആ മേഖലകളിലുള്ള ട്രേഡ് യൂണിയനുകൾ, സംരംഭകർ, കയറ്റുമതിക്കാർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ഒരു കോൺക്ലേവ് വരുന്ന ഏപ്രിൽ മാസത്തിൽ

സംഘടിപ്പിക്കാം. അവിടെ ഇത്തരം കാര്യങ്ങളിൽ നിങ്ങൾക്കും അഭിപ്രായങ്ങൾ മുന്നോട്ടുവയ്ക്കാം. അങ്ങനെ നല്ലരീതിയിലുള്ള മാറ്റത്തിന് തുടക്കംക്കുറിക്കാൻ ശ്രമിക്കാം.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നമ്മുടെ സംസ്ഥാനത്ത് എം.എസ്.എം.ഇ.-കളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നാഷണൽ ബിൽഡിങ് കോഡ് ആണ് ബാധകമാക്കിയിട്ടുള്ളത്. എന്നാൽ തമിഴ്നാട്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങൾ അവരുടേതായ ബിൽഡിങ് കോഡ് നടപ്പാക്കിയിട്ടുണ്ട്. അതുപോലെ കേരളത്തിലും നമ്മുടേതായ ബിൽഡിങ് കോഡ് നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതോടൊപ്പം ഒരു ചെറിയ വിശദീകരണംകൂടി ആവശ്യപ്പെടുകയാണ്. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി നടത്തിയ പത്രസമ്മേളനത്തെക്കുറിച്ച് ഇവിടെ പരാമർശിച്ചു. എം.എസ്.എം.ഇ. സംരംഭവവുമായി ബന്ധപ്പെട്ട് വന്ന വാർത്തയിൽ ഗൂഢാലോചനയുണ്ടെന്ന് അങ്ങ് പറഞ്ഞുവെന്ന് ഇന്ന് ചില മലയാള പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എവിടെനിന്നാണ് ഈ ഗൂഢാലോചന എന്ന് വ്യക്താമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇന്നലത്തെ പത്രസമ്മേളനത്തിൽ ഞാൻ

പ്രതിപക്ഷത്തെ അഭിനന്ദിച്ചിട്ടാണ് സംസാരിച്ചത്. കാരണം ഒരു പ്രമുഖ ഇംഗ്ലീഷ് പത്രം ദേശീയതലത്തിൽ നൽകിയൊരു വാർത്തയെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. അതുസംബന്ധിച്ച് മലയാള മാധ്യമങ്ങളോ പ്രതിപക്ഷമോ അത് പറഞ്ഞിരുന്നില്ല. കേരളത്തിൽ എം.എസ്.എം.ഇ. മേഖല അപകടത്തിലാണെന്ന വാർത്തയാണ് വരുന്നത്. ഞാൻ എം.എസ്.എം.ഇ.-കളെ സംബന്ധിച്ച് നിയമസഭയിൽ നൽകിയ 1119-ഓളം പേജുകളുള്ള റിപ്പോർട്ടുണ്ട്. പ്രതിപക്ഷം അവ മുഴുവൻ വായിച്ച് മനസ്സിലാക്കി ആ കാര്യങ്ങളിൽ ഇടപെട്ടുവെന്നാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട അംഗം ചോദിച്ച ആദ്യത്തെ ചോദ്യം വളരെ പ്രസക്തമാണ്. ഇതിനുമുമ്പും ബഹുമാന്യനായ അംഗം ലാൻഡ് അലോട്ട്മെന്റ് ആൻഡ് അസൈൻമെന്റ് ഫോർ ഇൻഡസ്ട്രിയൽ പർപ്പസ് റൂൾസ് ഞങ്ങൾ മാറ്റിയെന്ന് പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട അംഗത്തിന്റെ ഇത്തരത്തിലുള്ള ചോദ്യവും അതിന് സഹായകരമായിട്ടുണ്ട്. എൽ.എസ്.ജി. വകുപ്പിൽ വളരെ മൗലികമായ മാറ്റങ്ങൾ ചട്ടങ്ങളിൽ വരുത്തിയത് പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിന് സഹായകരമായിട്ടുണ്ട്. ഇനിയും അവർ മാറ്റങ്ങൾ വരുത്താൻ പോകുകയാണ്. അതുമായി ബന്ധപ്പെട്ട് 106 ഭേദഗതികളാണ്

കൊണ്ടുവരുന്നത്. അങ്ങ് പറഞ്ഞ വിഷയം, ഇന്നലത്തെ ഞങ്ങളുടെ ചർച്ചയിൽ ഉയർന്നുവരികയുണ്ടായി. അത് ഗൗരവമായി പരിഗണിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, കേരളത്തിൽ എസ്.എം.ഇ.-കളുടെ വർധനവിൽ വലിയ മാറ്റമാണ് വന്നതെന്ന് അങ്ങ് ഇവിടെ പറഞ്ഞു. 13-12-2022-ന് സഭയിൽ പറഞ്ഞൊരു കാര്യം സൂചിപ്പിക്കുകയാണ്. എസ്.എം.ഇ.-യിൽ അത്തരത്തിലൊരു വർധനവുണ്ടായാൽ സംസ്ഥാനത്തെ ആഭ്യന്തര ഉൽപാദനത്തിലും അതുവഴി കേന്ദ്രത്തിലേക്കുള്ള നമ്മുടെ വിഹിതവും വർധിപ്പിക്കുമെന്ന് അങ്ങ് ഈ സഭയിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ ജി.ഡി.പി.-യുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈയിടെ പ്രധാനമന്ത്രിയുടെ ഓഫീസിൽ പ്രസിദ്ധീകരിച്ചപ്പോൾ കേരളത്തിന്റെ വിഹിതത്തിൽ വർധനവുണ്ടായിട്ടില്ലെന്ന് കാണുന്നുണ്ട്. അത് എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്ന് വിശദീകരിക്കാമോ?

ശ്രീ. കെ. രാജീവ്: സർ, ഞാൻ യഥാർഥത്തിൽ പ്രതിപക്ഷ അംഗങ്ങളോട് കടപ്പെട്ടിരിക്കുകയാണ്. ഉദ്യം പോർട്ടൽ രജിസ്ട്രേഷനിലെ മാറ്റങ്ങളുമായി ബന്ധപ്പെട്ട കണക്കുകൾ നേരത്തെ പറഞ്ഞിരുന്നു.

അതനുസരിച്ച് ഈ കാമ്പയിൻ തുടങ്ങിയിട്ട് 13 ലക്ഷം പുതിയ സംരംഭങ്ങൾ ആരംഭിച്ചുവെന്ന് ഞങ്ങൾക്ക് അവകാശപ്പെടാം. ഉദ്യം രജിസ്ട്രേഷനിലൂടെയോ ഉദ്യം പോർട്ടിലൂടെയോ ഉള്ള കണക്ക് പരിശോധിക്കുമ്പോൾ കേരളത്തിലെ ആകെ 13 ലക്ഷം എം.എസ്.എം.ഇ.-കൾ ആരംഭിച്ചുവെന്ന് ഞങ്ങൾക്ക് അവകാശപ്പെടാം. പക്ഷെ ഞങ്ങൾ വസ്തുതാപരമായിട്ടാണ് പരിശോധിച്ചത്. ഇതിലൊരു കാര്യം, അങ്ങ് ചോദിച്ചതും നേരത്തെ ചർച്ച ചെയ്തതുമാണ്. നമ്മൾ ശതമാനവും കണക്കും നോക്കേണ്ടതുണ്ട്. ഈ പറയുന്നത് ശതമാനമാണ്. ടോട്ടൽ വർധിച്ചാലും ആ വർധനവിന് ആനുപാതികമായാണ് നമ്മുടെ വർധനവെങ്കിൽ ശതമാനം അതുപോലെമാത്രമെ നിൽക്കുകയുള്ളൂ. ഇന്ത്യയിലാകെ 100 ശതമാനമുണ്ടെങ്കിൽ കേരളത്തിൽ ജി.ഡി.പി. ഇരുപതാണ്. ഇന്ത്യയിൽ ഇരുന്നൂറാകുമ്പോൾ കേരളത്തിൽ 40 ആകും. അപ്പോൾ ശതമാനമായാണ് കണക്കാക്കുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെയുണ്ട്. 2021-22-ൽ ജി.എസ്.ഡി.പി.-യിലെ നമ്മുടെ വിഹിതം 9,24,465 കോടി രൂപയായിരുന്നു. 2023-24-ൽ കേരളത്തിന്റെ വിഹിതം 11,46,108.67 കോടി രൂപയാണ്. അതായത് ഈ രണ്ട് സാമ്പത്തിക വർഷംകൊണ്ട്

കേരളത്തിന്റെ ജി.എസ്.ഡി.പി.-യുടെ വർധനവെന്നത് 1,22,506 കോടി രൂപയാണ്. ഞാൻ വേറെയൊരിടത്തുനിന്നുമല്ല ഈ കണക്കെടുക്കുന്നത്, നമ്മുടെ ഇക്കണോമിക് റിവ്യൂവിൽനിന്നുമുള്ള കണക്കാണിത്. മാത്രമല്ല, ഇക്കണോമിക് റിവ്യൂ പരിശോധിച്ചാൽ പ്രൈമറി, സെക്കൻഡറി, ടെർഷ്യറി എന്ന രീതിയിലാണ്. അതിൽ വ്യവസായം വരുന്നത് മൂന്നാമത്തെ മേഖലയിലാണ്. 2021-നുശേഷം ഒരു കുതിപ്പ് ടെർഷ്യറിയിൽനിന്നുള്ള ജി.എസ്.ടി. റിട്ടേണിനകത്തും കാണാൻ കഴിയും. ഇത് പ്രതിഫലിച്ച് തുടങ്ങുന്നു, ഇനിയും ഏറെ മുന്നോട്ടുപോകാൻ ഇതുപയോഗിക്കാമെന്നാണ് അത് സൂചിപ്പിക്കുന്നത്.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. അൻവർ സാദത്ത്): സർ, അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങളുടെ കണക്കിൽ കോഴിക്കട, തട്ടുകട തുടങ്ങിയ വ്യവസായ സ്ഥാപനങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞു. പുതുതായി ആരംഭിച്ച എം.എസ്.എം.ഇ. സംരംഭത്തിൽ ഇത്തരം സ്ഥാപനങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ; ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ബിൽഡിങ് പണിയുന്നതിന് പഞ്ചായത്തിന്റെ അനുമതി ആവശ്യമുണ്ടോ?

<u>ശ്രീ. കെ. രാജീവ്</u>: സർ, ഞാൻ ആദ്യത്തെ ചോദ്യത്തിന്റെ മറുപടി നേരത്തെ വിശദീകരിച്ചതാണ്. 2021-നുശേഷമുള്ള എം.എസ്.എം.ഇ. നിർവചനത്തിൽ ഇൻഫോർമൽ എം.എസ്.എം.ഇ. വരെ സാധാരണനിലയിൽ ഉൾപ്പെടുന്നുണ്ട്. ഇനി ഒരു കണക്കുകൂടി ഞാൻ സൂചിപ്പിക്കാം. ഇന്ത്യയിലെ ടേൺ ഓവർ പരിശോധിക്കുമ്പോൾ 85 ശതമാനം എം.എസ്.എം.ഇ.-കളും ഒരു കോടി രൂപയ്ക്ക് താഴെ വിറ്റുവരവുള്ളതാണ്. കേന്ദ്ര ഗവൺമെന്റിന്റെ റിപ്പോർട്ട് പ്രകാരം ഇന്ത്യയിലെ 92 ശതമാനം എം.എസ്.എം.ഇ.-കളും 25 ലക്ഷം രൂപയ്ക്കുതാഴെ മാത്രം ഇൻവെസ്റ്റുമെന്റുള്ളതാണ്. അത് കേരളത്തിനും ബാധകമാണ്. എം.എസ്.എം.ഇ. സംരംഭകരുടെ ഒൻപത് വർഷത്തെ കണക്കിൽ പെട്ടിക്കട, മുറുക്കാൻകട, എന്നീ പേരുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും 2021-ന് ശേഷമാണ് അതൊക്കെ വന്നിട്ടുള്ളൂ. ഒൻപതുവർഷത്തെ കണക്കുംകൂടി ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് കൊടുത്തിട്ടുള്ളത്. സംരംഭം തുടങ്ങിയപ്പോൾ പെട്ടിക്കടയും മുറുക്കാൻകടയും ഉൾപ്പെടുകയും രജിസ്ട്രേഷൻ നടത്തുകയും ചെയ്തിട്ടുണ്ടാകും. ഇന്ത്യയിലെ നിർവചനത്തിൽ എം.എസ്.എം.ഇ. സംരംഭങ്ങൾ എന്തൊക്കെ ഉൾപ്പെടുന്നുണ്ടോ അത് കടകൾ തുറക്കുന്നതിനും

അടയ്ക്കുന്നതിനും ബാധകമാണ്. പഞ്ചായത്തുകളിൽ ഇൻഡസ്ട്രീസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഒരു ചെറിയ വ്യക്തത വരുത്താനുണ്ട്. അക്കാര്യം രണ്ട് വകുപ്പിലെയും മന്ത്രിമാർ തമ്മിൽ ചർച്ചകൾ നടത്തിക്കഴിഞ്ഞു. സെക്രട്ടറിതല റിപ്പോർട്ട് എൽ.എസ്.ജി.ഡി.-യുടെ പരിഗണനയിലാണ്. അക്കാര്യത്തിൽ ശരിയായ തീരുമാനമെടുക്കാൻ സാധിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)